Registered No. M-4485 Madras War Review, Malayalam—9-6-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ജൂൺ 9-ാംനു, വെള്ളിയാഴ്ച [ലക്കം 40



## ഈ പുതിയ മഹാ സമരമുഖം

★

**രാത്രിയിലും** ഇന്നു വെളുപ്പാൻകാലത്തുമായി യൂറോപ്പ് ഭൂഖണ്ഡത്തിൽ, തുടൎന്നുകൊണ്ടുള്ള സൈനികാഗമനത്തിന്റെ ആദ്യത്തെ ഭാഗം കരയിറക്കിക്കഴിഞ്ഞിരിക്കുന്നുവെന്നു ഈ സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു. പ്രസ്തുത സംഭവം നിമിത്തം, സ്വാതന്ത്ര്യപ്രാപ്തിക്കായുള്ള പരിശ്രമം ഫ്രാൻസിന്റെ ചുമതലയായിത്തീൎന്നിരിക്കുന്നു.

**ഇതുവരെ** സകലതും നിശ്ചിത പ്ലാൻപ്രകാരമാണ് നടന്നുവന്നതെന്നു സൈന്യാധിപന്മാർ പറഞ്ഞിരുന്നു; എന്തൊരു പ്ലാനാണ്! ഈ വലിയ പ്ലാനാണ് ഇതുവരെ ഉണ്ടായിട്ടുള്ളതിൽവെച്ച് ഏററവും വിഷമമേറിയതും വളച്ചുകെട്ടിയതും. കടലിലും കരയിലും ആകാശത്തിലുമുള്ള യുദ്ധങ്ങൾക്ക് അന്യോന്യപ്പൊരുത്തം കണ്ടുപിടിക്കാൻ കഴിയാത്ത പല കാൎയ്യങ്ങളും ഇതിലുണ്ട്.

**ഇപ്പോൾതന്നെ** പല ആകസ്മിക നേട്ടങ്ങൾ നമുക്കുണ്ടായിട്ടുണ്ടെന്നും, ഇനിയും അത്തരം പല അനവധി നേട്ടങ്ങൾകൊണ്ടു ശത്രുവിനെ ആശ്ചൎയ്യപ്പെടുത്താമെന്നും ആശിച്ചുവരുന്നു. ഇപ്പോഴാരംഭിച്ചിരിക്കുന്ന ഈ യുദ്ധം അടിക്കടി വലുതായിക്കൊണ്ടിരിക്കും. അതിന്റെ ഗതിയെപ്പററി നമുക്ക് ആലോചിക്കണ്ടാ, എന്നാൽ പരിപൂൎണ്ണ ഐക്യമുണ്ടെന്നു ഉറയ്ക്കാം.

**ഇക്കഴിഞ്ഞ** ദിവസം വന്നിറങ്ങിയ സൈന്യങ്ങളുടെ ദൎശനീയമായ ഉത്സാഹവും, ചൊടിയും ഞാൻ നേരിട്ടു കണ്ടു. സജ്ജീകരണം, ശാസ്ത്രീയമായ മുന്നാലോചന ഇവയിലൊന്നും ഈ സംരംഭം അണുപോലും ഇളച്ചിട്ടില്ല, ഈ സംരംഭത്തിനെ സേനാനായകന്മാരും, ഐക്യരാഷ്ട്രങ്ങളും, ബ്രിട്ടീഷു ഗവൎമ്മേൻറും അവസാനംവരെ ദൃഢനിശ്ചയത്തോടുകൂടി പിൻതുടൎന്നുകൊണ്ടുപോകുന്നതായിരിക്കും.

—ജൂൺ 6-ാം തിയ്യതി കോമൻസ് സഭയിൽ മിസ്റ്റർ ചർച്ചിൽ ചെയ്ത ഒരു പ്രത്യേക പ്രസ്താവനയിൽനിന്ന്

ഉള്ളടക്കം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഈ പതിയ മഹാസമരമുഖം .. .. | 1 | മി: എം. പി. കുഞ്ഞിരാമൻ .. .. | 7 |
| പട്ടാളക്കാരുടെ ബ്ലേഡുകൾക്കു മൂർച്ചപിടിപ്പിക്കുന്നു .. | 2 | യു. എസ്. എസ്. ആർ... .. .. | 8 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3, 4 | നാം യുദ്ധമനസ്ഥിതിയുള്ളവരാണോ ? .. | 9, 10 |
| ആക്രമണം .. .. .. .. | 5 | ചെറുകഥ .. .. .. .. | 11 |
| ചെറുകഥ .. .. .. .. | 6 | പ്രതിജ്ഞ .. .. .. .. | 12 |


# പട്ടാളക്കാരുടെ റേസർ ബ്ലേഡുകൾക്കു മൂർച്ചപിടിപ്പിക്കുന്നു

ലാഹോറിലെ ഒരു ഷേമിൽ മണിക്കൂറിനു 800 ബ്ലേഡുകൾ ശരാശരിക്കണക്കിനു, പ്രതിദിനം 25,000 ഉപയോഗിച്ച റേസർ ബ്ലേഡുകളാണ് വീണ്ടു ഉപയോഗപ്പെടുത്തത്തക്ക വണ്ണം മൂർച്ചപിടിപ്പിക്കപ്പെട്ടു വരുന്നതു്. ഇതു അടുത്തകാലത്തു, ചിലവു ചുരുക്കാനായി ഇന്ത്യയിലെ പട്ടാളത്തിൽ ഏർപ്പെടുത്തിയ ഒരു പദ്ധതിയാണ് പട്ടാളക്കാർക്കു പുതിയ ബ്ലേഡുകൾ കൊടുക്കുമ്പോൾ, ഉപയോഗിച്ചവയെ അവർ മടക്കിക്കൊടുക്കുന്നു.

അതിന്നുള്ള യന്ത്രം, യുദ്ധത്തിനു മുമ്പു ജർമ്മനിയിൽനിന്നു വരുത്തിയതും, പിന്നീടു പ്രസ്തുത ഷേം വാങ്ങിയതുമാണ്. അവിടത്തെ ജോലിക്കാർ—മിക്കവാറും ലാഹോറിൽതന്നെയുള്ള—പഞ്ചാബികളാണ്.

പട്ടാളക്കാർക്കു ആട്ടിലറി ബോഡുകളും ഇവിടെ ഉണ്ടാക്കിവരുന്നു.

## ഗൂർഖ കുഴൽക്കാരൻ മുറിയേററ സ്കോച്ചുകാർക്കു കുഴലൂതി ഉന്മേഷം പ്പിച്ചുകൊടുത്തു

കൊഹിമയിൽ യുദ്ധം ചെയ്യുന്ന സുപ്രസിദ്ധ സ്കോച്ചു ഭടന്മാരിൽ മുറിയേററു ആംബുലൻസിൽ കൊണ്ടുവരപ്പെട്ടവരെ ഒരു കുഴൽക്കാരൻെറ സംഗീതം സ്വാഗതം ചെയ്തു കുറച്ചു സമയത്തേക്കു അവർ വേദനയെല്ലാം മറന്നു സ്ട്രെച്ചറുകളിൽ എണീററിരുന്ന് കുഴൽക്കാരനെ അഭിനന്ദിച്ചു.

അയാൾ നീപ്പാളിലെ ലാം ജംഗ് എന്ന സ്ഥലത്തെ ഒന്നാം ഗൂർഖസൈന്യത്തിലെ ഹവിൽദാർ ഗജ ബഹദൂർ ഗുരുങ്ങായിരുന്നു. "അതു മുറിയേററവർക്കു ഉത്സാഹമുണ്ടാക്കും എന്നു ഞാൻ വിചാരിച്ചു' എന്നു അയാൾ ഒരു ഇന്ത്യൻ സൈന്യനിരീക്ഷകനോടു പറഞ്ഞു.

ഇമ്മാതിരി കുഴലുകൾ ഇന്ത്യയിലെ മിക്ക ഗൂർഖസൈന്യങ്ങളിലും ഉപയോഗിച്ചുവരുന്നു. ആ കുഴലുകാർ വേഗത്തിൽ അവരുടെ ഉപകരണത്തിൽ വൈദഗ്ദ്ധ്യം നേടുകയും ചെയ്യുന്നു. ഹവിൽദാർ ഗജ ബഹദൂർ ഗുരുംഗ് അനവധി കൊല്ലം കുഴലുകാരനായിരുന്നു.

## രാജപുത്രർ 8,000 മോട്ടാർ ബോമ്പുകൾ വർഷിച്ചു

ഏഴാം രജപുത്രസൈന്യത്തിലെ ഭടന്മാർ, അരാക്കാനിലും കൊഹിമരംഗത്തിലും അവർക്കു ശത്രുവുമായുണ്ടായ ഏററുമുട്ടലിൽ 8,000 ചിലാനം ബോംബുകൾ വർഷിച്ചിരിക്കുന്നു എന്നു ഒരു സൈന്യ നിരീക്ഷകൻ പ്രസ്താവിക്കുന്നു.

മോട്ടാർ സൈന്യത്തിൻെറ നായകൻ ബോംബേ, ലിലിക്കോട്ടിലെ ക്യാപ്റ്ററൻ ആർ. ജെ. സോളമൻ, ശത്രുക്കൾ "രണ്ടു മൂന്നു മല" ആക്രമിച്ചപ്പോഴത്തെ നാനൂറെണ്ണം ഉൾപ്പെടെ, കൊഹിമ പട്ടണരക്ഷണത്തിന്നായി ഒട്ടാകെ 3,080 ബോംബുകൾ വർഷിച്ചിരിക്കുന്നു എന്നു എന്നോടു പറയുകയുണ്ടായി. ജാപ്പാൻകാർ ഒരു രാജപുത്ര സംഘത്തെ ജോടസം ഗ്രാമത്തിന്നടുത്തു വെച്ചാക്രമിച്ചപ്പോൾ 1,000 ബോംബു കൂടി വർഷിക്കപ്പെട്ടു.

അരാക്കൻ രംഗത്തു, ഈ മോട്ടാറുകൾ മിക്കവാറും നാക്കിഡോക്കും (Ngakyedauk) റാസാബിലും (Razabil) കോട്ടകളിലാണ് ഉപയോഗിച്ചുവന്നതു്. അവിടത്തെ "ആമ രീതി" (Tortoise feature) യിലുള്ള ആക്രമണത്തിൽ തന്നെ 1,000 എണ്ണം ഉപയോഗപ്പെടുത്തിയിരുന്നു.

## ബർമ്മ അതിർത്തിയിൽ മലേറിയ നിവാരണശ്രമത്തിൽ ആളുകൾ ബദ്ധശ്രദ്ധരായിരിക്കുന്നു

ആസ്സാം-ബർമ്മ അതിർത്തി പ്രദേശങ്ങളിൽ, മലേറിയ നിവാരണത്തിനുള്ള മരുന്നുകളുടെ ഭാരമേറിയ ഭാണ്ഡങ്ങളും മുതുകിലേന്തി, മലേറിയ നിവാരണ സംഘക്കാർ ബദ്ധശ്രദ്ധരായി മലേറിയയോടു പടവെട്ടുന്നു എന്നു ഒരു സൈന്യ നിരീക്ഷകൻ എഴുതിയിരിക്കുന്നു.

നമ്മുടെ സൈനിക ഭടന്മാർ ജാപ്പാൻകാരോടു യുദ്ധം ചെയ്തുകൊണ്ടിരിക്കെ, ഈ ഭടന്മാർ ജാപ്പാൻകാർക്കു തുല്യം നാശം ചെയ്യുന്ന മറെറാരു ശത്രുവായ കൊതുകിനോടു മല്ലു വെട്ടുന്നതു കാണുന്നു. മുൻപൊരിക്കലുമില്ലാത്തതുപോലെ, ഈ വർഷകാലാഗമസമയത്തു ഈ മലേറിയ നിരോധന സംഘം ജോലിക്കാർ കലശലായി ജോലി ചെയ്യാനാരംഭിക്കുന്നു. ബീഹാറിലെയും ഒറീസ്സായിലെയും, മദ്ധ്യ ഇന്ത്യയിൽ മററു പല സ്ഥലങ്ങളിലെയും ഭടന്മാർ മിനിമസ് അനോഫെലിസ് (Minimus Anopheles) (മലമ്പനിക്കു കാരണമായ കൊതു), മതഹരി പ്രാണി (Mata-Hari) മുതലായവ, യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഭടന്മാരെ പിടികൂടാതിരിക്കാൻ കഴിയുന്ന ശ്രമം ചെയ്തുവരുന്നു.

മലേറിയ നിരോധക ക്രീമുകളും, തൈലങ്ങളും, വിതരണം ചെയ്യുകയും, മലേറിയയെ തടയാനുള്ള നിർദ്ദേശങ്ങളെ പ്രചരിപ്പിക്കുകയും ചെയ്യുന്നതിന്നു പുറമേ, ഭടന്മാരുടെ കൈനില (camp) കളുടെ ചുററുപാടുള്ള കൊടുംകാടുകളിൽ പോയി അവിടെ കെട്ടിനില്ക്കുന്ന ജലാശയങ്ങളെ വററിക്കുകയെന്ന ഏററവും പ്രധാനവും പ്രയാസമേറിയതുമായ ജോലിയും ഇവർ ചെയ്യുന്നു. വൃക്ഷങ്ങളുടെയും മുൾച്ചെടികളുടെയും വേരുകളിൽനിന്നു, ഇററുവീണുകൊണ്ടിരിക്കുന്ന വെള്ളത്തിനു വാർന്നുപോകുവാൻ തക്ക കുഴികൾ കുഴിച്ചാണ് ഇതു അവർ സാധിക്കുന്നതു്. കൂടെക്കൂടെയുണ്ടാവുന്ന അട്ടകളുടെയും പാമ്പുകളുടെയും ഉപദ്രവങ്ങൾ കൂടാതെ, ജാപ്പാൻകാരുടെയും ഉപദ്രവങ്ങൾ ഈ മുന്നണിയിൽ പ്രവൃത്തിയെടുക്കുന്നവർക്കു നേരിടേണ്ടിയിരിക്കുന്നു.



ഒരു ഗാർവാളി ഭടൻ തൻെറ സ്നേഹിതൻെറ മുടി വെട്ടിക്കൊടുക്കുന്നു.

ബർമ്മരംഗത്തിലെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ഒരു യുദ്ധകാര്യപ്രതിനിധി പത്രലേഖകന്മാരോടു ഡെൽഹിയിൽവെച്ചു തിങ്കളാഴ്ച പറഞ്ഞതിപ്രകാരമാണു്: "ആകപ്പാടെ, ജാപ്പാൻകാരോടു അവരുടെ തരം മനസ്സിലാക്കി തുല്യമായി നില്ക്കാൻ ഇപ്പോൾ നമുക്കു സാധിച്ചു. അവർ ബംഗാൾ ഉൾക്കടലിലോ, ഇന്ത്യൻ മഹാസമുദ്രത്തിലോ നമ്മെ വെല്ലുവിളിക്കുന്നില്ല; ആകാശത്തിലോ നാം മുന്തി നില്ക്കുന്നു; കരയിൽ യുദ്ധം ചെയ്തു ജയിക്കുന്ന യാതൊരു ലക്ഷണവും അവർ കാണിക്കുന്നില്ലതാനും. പരമാർത്ഥത്തിൽ കാര്യം നേരേ മറിച്ചാണു്. അതിശുഭാപ്തിക്കു യാതൊരാവശ്യവുമില്ല, ഫലമെല്ലാം തൃപ്തികരമാണു്." വർഷാരംഭത്തിനു മുൻപു ഇംഫാൽ സമതലം പിടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജാപ്പാൻകാർ ഇംഫാലിനു കിഴക്കും തെക്കുകിഴക്കുമുള്ള ബർമ്മ സമര മുഖങ്ങളിൽ ഭയങ്കരമായി യുദ്ധം ചെയ്തിരുന്നു. ഇതു ടാമു-പാലേൽ രംഗത്തിലും ബിഷെൻപൂരിലും സുവ്യക്തമായിരുന്നു. ഇംഫാൽ കൈവശപ്പെടുത്തുവാനുള്ള അവരുടെ ആശ വ്യർത്ഥമായി. അവരുടെ ആക്രമണ സംഘത്തെ ആട്ടിപ്പായിച്ചുകഴിഞ്ഞു. എന്നാൽ ജാപ്പാൻകാർ വിചാരിക്കുകയാണെങ്കിൽ വീണ്ടും ചെറുക്കാൻ സാധിക്കുകയില്ലെന്നു ഇതുകൊണ്ടു തെളിയുന്നില്ല, എന്തുകൊണ്ടെന്നാൽ, ടാമു റോഡു് ഏതുകാലത്തും ഉപയോഗപ്പെടുത്താവുന്ന ഒന്നാണു്, ആഹാരസാധനങ്ങൾ എളുപ്പത്തിൽ അതിൽക്കൂടി എത്തിക്കാൻ സാധിക്കും. ടിഡിം റോഡു് അവർക്കു താരതമ്യേന ഉപയോഗം കുറഞ്ഞതാണു്, എന്തുകൊണ്ടെന്നാൽ ഇന്ത്യൻ പട്ടാളക്കാർ ബിഷെൻപൂരിനു തെക്കായി

## ആഴ്ചക്കുറിപ്പുകൾ

ആ റോഡിൽ പാറകളും മററും വലിച്ചുവെച്ചു വഴി മുടക്കിയിരിക്കുന്നു. ആ മാർഗ്ഗവിഘ്നങ്ങളെ മാററാൻ ജാപ്പാൻകാർ ചെയ്യുന്ന പരിശ്രമങ്ങൾക്കു നാളതുവരെ യാതൊരു ഫലവുമില്ല.

മണിപ്പൂർ റോഡിനു സമീപമുള്ള സ്ഥലങ്ങളിൽ, സൈന്യശക്തീകരണത്തിനോ ഭക്ഷണസാമഗ്രികൾക്കോ നിവൃത്തിയാവുമെന്ന ആശയൊന്നുമില്ലാതെ, അവർ ഭയങ്കര സമരം നടത്തിവന്നു. അവിടത്തെ സഖ്യസൈന്യങ്ങൾക്കു വിമാനം വഴി ആഹാരസാധനങ്ങൾ എത്തിച്ചുവന്നിരുന്നു, അതും വർഷാരംഭത്തോടെ വളരെ പ്രയാസമായിത്തീരും. എന്നാൽ, ആ കാലാവസ്ഥ കൊണ്ടു ആകാശമാർഗ്ഗമായുള്ള നമ്മുടെ ആഹാര സപ്ലൈ അല്പം കുറഞ്ഞേക്കാമെന്നല്ലാതെ, നിശ്ശേഷം തടയപ്പെടുകയില്ല. അങ്ങിനെ, കാലാവസ്ഥാസൌകര്യങ്ങൾ താരതമ്യേന നമുക്കനുകൂലമായിട്ടാണിരിക്കുന്നതു്.

ബർമ്മാരംഗത്തിൽ, തെക്കുള്ള വിമാനകേന്ദ്രങ്ങളിൽനിന്നും, വടക്കുനിന്നും, മിട്ക്കിനായിലേക്കു പുറപ്പെട്ട നമ്മുടെ സൈന്യങ്ങൾക്കു, റെയിൽവേസ്റ്റേഷനുൾപ്പടെ ആ പട്ടണത്തിന്റെ മൂന്നിലൊരുഭാഗം പിടിച്ചെടുക്കുവാൻ സാധിച്ചുവെങ്കിലും, കലാശലായ മഴയും ചളിയും മൂലം ആനുകൂല്യം സിദ്ധിച്ച ജാപ്പാൻകാരുടെ നിരോധനകൌശലം, നമ്മുടെ സൈന്യത്തിന്റെ ഗതിയെ ഗണ്യമായി മന്ദീഭവിപ്പിച്ചിട്ടുണ്ടു്. മിട്ക്കിനായുടെ തെക്കും വടക്കുകിഴക്കുമുള്ള അനവധി ഗ്രാമങ്ങൾ പിടിച്ചെടുത്തു, ജാപ്പാൻകാരുടെ തിരിഞ്ഞോട്ടപ്രദേശത്തു ഐക്യകക്ഷികൾ മാർഗ്ഗവിഘ്നം ചെയ്തിരിക്കുന്നു. മൊഗാങ്ങ് രംഗങ്ങളിലെ ചീന സൈന്യങ്ങളും, തെക്കു ഇപ്പോൾ സ്റ്റിൽവെല്ലിന്റെ നേതൃത്വത്തിലിരിക്കുന്നതും പിന്നത്തെ ആക്രമണം നടത്തുന്നതുമായ ലെന്റെയിനിന്റെ സൈന്യങ്ങളും, അനുക്രമം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സാൽവീൻ നദീതീരത്തുനിന്നു മുന്നോട്ടു ബർമ്മാരംഗത്തിലേക്കു വരുന്ന ചീന സൈന്യങ്ങൾ, മിട്ക്കിനായെയും മൊഗാങ്ങിനെയും നിരോധിച്ചു നില്ക്കുന്ന 18 ാം ചീന സൈന്യത്തിനു്, സഹായസൈന്യങ്ങളെ അയച്ചുകൊടുക്കാൻ ജാപ്പാൻകാർക്കു നിവൃത്തിയില്ലാതാക്കിയിരിക്കുന്നു.

ഇതിൽനിന്നു ഉത്തര ബർമ്മയിൽ ജാപ്പാൻകാരുടെ നില വളരെ മോശമാണെന്നു തെളിയുന്നു. പക്ഷെ, മിട്ക്കിനായും മൊഗാങ്ങും നമ്മുടെ സൈന്യങ്ങൾ എളുപ്പത്തിൽ പിടിച്ചെടുത്തേക്കുമെന്നതിനു ഇതിൽനിന്നു അർത്ഥമാക്കിക്കൂടാ. എന്തുകൊണ്ടെന്നാൽ, ജപ്പാൻകാർ അവരുടെ അവസാന നിമിഷത്തിലെ പരാക്രമ യുദ്ധം ചെയ്യലിനു പ്രസിദ്ധി നേടിയവരാണു് കൂടാതെ, മഴ, അവരുടെ നിരോധനതന്ത്രങ്ങളെ സഹായിച്ചേക്കാനുമിടയുണ്ടു്. ഇതിനുപുറമെ, വളച്ചുകെട്ടിയ വഴിയിൽക്കൂടി സൈന്യങ്ങൾക്കു ഭക്ഷണങ്ങളയച്ചുകൊടുക്കുവാനുള്ള സൌകര്യവും ഇനിയും അവർക്കുണ്ടു്. പക്ഷെ, ജാപ്പാൻ റേഡിയോ വാർത്തകൾ മിട്ക്കിനാ രംഗത്തെ പ്രവർത്തനങ്ങളെപ്പററി ഒന്നും ഇതുവരെ പ്രതിപാദിച്ചു കാണുന്നില്ലെന്നുള്ളതും ശ്രദ്ധേയമാണു്. അവർ ഇവിടു

ത്തേയും മററു ചിലേടത്തേയും പ്രവർത്തനങ്ങളെപ്പററി സ്പർശിക്കുവാൻ ഗണ്യമായ മടി കാണിച്ചിട്ടുണ്ട്. സ്വദേശത്തുള്ള ശ്രോതാക്കളെ ഉദ്ദേശിച്ചു ചെയ്യുന്ന പ്രക്ഷേപണങ്ങളെ സംബന്ധിച്ചു അവരുടെ സൈന്യങ്ങൾക്ക് നേരിട്ടിട്ടുള്ള വിഷമങ്ങളെപ്പററി അവർ ഊന്നിപ്പറയുകയുണ്ടായി. ഉദാഹരണമായി, ഇംഫാൽ രംഗത്തെപ്പററി തനിക്കുള്ള അഭിപ്രായങ്ങളെ രേഖപ്പെടുത്തുന്ന അവസരത്തിൽ ഒരു ജാപ്പാൻ ഉദ്യോഗസ്ഥൻ ഇങ്ങിനെ പറയുകയുണ്ടായി: "ഈ രംഗത്തു പ്രവൃത്തിയിലേർപ്പെട്ടിരിക്കുന്ന നമ്മുടെ സൈന്യങ്ങൾക്കു ആഹാരസാധനദൌർലഭ്യംകൊണ്ടും, വൈമാനിക വൈദഗ്ദ്ധ്യക്കുറവുകൊണ്ടുമുള്ള വിഷമങ്ങൾ നേരിടേണ്ടിയിരിക്കുന്നു." (ഒരു വാസ്തവ സംഗതിയെ പ്രത്യക്ഷമായി സമ്മതിക്കുന്നു.) "കൂടാതെ നമ്മുടെ ഭക്ഷണ സപ്ലൈ സാമർത്ഥ്യം ശത്രുവിന്റേതിൽനിന്നു എത്രയൊ തുച്ഛം. അവർക്കു ഭക്ഷണം വിമാനമാർഗ്ഗമായി കിട്ടിക്കൊണ്ടിരിക്കെ, നമ്മുടെ ഭടന്മാർ ഒരു പിടി ബാർലിയൊ മുതിരയൊ തിന്നുകൊണ്ടു യുദ്ധം തുടരുന്നു. അവിടുത്തെ ഒരു ദിവസത്തെ താമസത്തിനിടക്ക് ഞാൻ നമ്മുടേതുപോലെയുള്ള ഒരു വിമാനം കണ്ടു. നമ്മുടെ ഭടന്മാരുടെ സന്തോഷം സീമാതീതമായിരുന്നു."

വേറൊരു ശ്രദ്ധേയമായ കാര്യം ടോക്കിയോയും തദാശ്രിത സ്ഥാനങ്ങളും ഇന്ത്യയെ ആക്രമിച്ചടക്കാമെന്ന വ്യാമോഹത്തെ മിക്കവാറും കൈവെടിഞ്ഞിരിക്കുന്നുവെന്നുള്ളതാണ്. ധൈര്യമായ ശീഘ്ര വിജയപ്രതിജ്ഞകളിൽനിന്നും, പ്രത്യക്ഷമായി വിഷമം സമ്മതിക്കുക എന്ന ഘട്ടത്തിൽ അവർ എത്തിയിരിക്കുന്നു. പ്രചരണമുഖത്തിലെ പെട്ടെന്നുള്ള ഈ മാററത്തിനു നിദാനം, സജ്ജീകരണം, പരിശീലനം, സ്ഥൈര്യം, ദാർഢ്യം എന്നിവയിൽ നമ്മുടെ സൈന്യങ്ങൾ അവരുടെ സൈന്യത്തിനേക്കാൾ മെച്ചമാണെന്ന് അവർക്കുള്ള ബോധമാണ്.

# രാജകീയ ഇന്ത്യൻ നാവിക പരീക്ഷ

## (റോയൽ ഇന്ത്യൻ നേവി പരീക്ഷ)

രാജകീയ ഇന്ത്യൻ നാവിക സേനയിലേക്ക് പ്രവേശനത്തിന്ന് ഒരു മത്സരപ്പരീക്ഷ 1944 ഒക്ടോബർ 9-ാം അതിനടുത്തും തിയ്യതികളിൽ ഡെൽഹിയിൽവെച്ചു നടത്തുന്നതായിരിക്കും. പരീക്ഷ നടത്തുന്നതു ഫെഡറൽ പബ്ലിക്ക് സർവ്വീസു കമ്മീഷനായിരിക്കും.

ഈ പരീക്ഷയിൽ ഒരു സ്ഥാനം റോയൽ ഇന്ത്യൻ നേവിയിലെ എക്സിക്യൂട്ടീവ് ശാഖയിലേക്കു നിശ്ചയിച്ചിട്ടുള്ളതാണ്.

പ്രസ്തുത പരീക്ഷയിൽ ചേരേണമെന്നുള്ളവർ 1925 മേ 2-ാം തിയ്യതിക്കു ശേഷവും, 1927 മേ 1-ാം തിയ്യതിക്കു മുൻപും ജനിച്ചിട്ടുള്ളവരായിരിക്കണം. ഈ വയസ്സു കണക്കു യാതൊരു കാരണത്താലും മാററപ്പെടുന്നതല്ലായിരിക്കും.

അപേക്ഷകന്മാർ നിശ്ചിത അപേക്ഷപ്പട്ടിക, ആവശ്യപ്പെട്ടിരിക്കുന്ന സകല വിവരങ്ങളും നിർദ്ദേശപ്രകാരം പൂരിപ്പിച്ചു, ആവശ്യപ്പെട്ടിരിക്കുന്ന മററു രേഖകൾ സഹിതം, ഫെഡറൽ പബ്ലിക്ക് സർവ്വീസ് കമ്മീഷന്ന് അയച്ചുകൊടുക്കേണ്ടതാണ്. നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1944 ജൂലൈ 3-ാം തിയ്യതിയൊ അതിന്നു മുൻപൊ അപേക്ഷകൾ അധികൃതന്മാർക്കു കിട്ടിയിരിക്കണം. ചട്ടങ്ങളും, അപേക്ഷപ്പട്ടികയും സെക്രട്ടറി, ഫെഡറൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, സിംലാ എന്ന വിലാസത്തിലാവശ്യപ്പെട്ടാൽ കിട്ടുന്നതായിരിക്കും.

അപേക്ഷപ്പട്ടിക ഇന്ന തിയ്യതിയിൽ കിട്ടിയതുകൊണ്ടാണ് അയക്കാൻ താമസിച്ചതു എന്നു തുടങ്ങിയ ഒഴികഴിവുകൾ സ്വീകരിക്കുന്നതല്ല. താമസിച്ചു അപേക്ഷക്കടലാസ്സുകൾക്കു എഴുതുന്നതു അവരവർക്കു ഹാനികരമായിരിക്കുമെന്നറിയണം.

നോട്ട്:—രാജകീയ ഇന്ത്യൻ നാവിക സേനയിലെ പരിശീലനത്തിന്ന് ഏകദേശം 260 പവൻ ചെലവാകുമെന്നു കണക്കാക്കിയിരിക്കുന്നു.

# "യുദ്ധസേവനവും അതിന്റെ ഗുണങ്ങളും"

(ശ്രീ കെ. വി. എസ്സ്. നമ്പൂതിരിപ്പാടു, ആർ. ഐ. എ. എസ്സ്. സി.)

താഴെ പറയുന്ന വാചകങ്ങളിൽനിന്നും യുദ്ധസേവനംകൊണ്ട് ഒരു ഭാരതീയന്ന് ഭാവിയിൽ ഉണ്ടാകാവുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കാം.

രണ്ടാം ലോകമഹായുദ്ധം എന്ന പേരിൽ അറിയപ്പെടുന്ന ഇന്നത്തെ ലോകോത്തരമായ സമരത്തിൽ ഇന്ത്യ തന്നാൽ കഴിയുന്നത്ര ശ്രമിക്കേണ്ടതും സഖ്യകക്ഷികളെ സഹായിച്ച് ഈ സമരത്തെ വിജയപര്യവസായിയാക്കിത്തീർക്കേണ്ടതുമാണ്. നമ്മുടെ ഭാരതഖണ്ഡത്തിന്റെ പടിവാതില്ക്കൽ ശത്രു എത്തിക്കഴിഞ്ഞിരിക്കുകൊണ്ടു ഏതൊരു ഭാരതീയ യുവാവും യുദ്ധസേവനം അവനവന്റെ ഒരു കർത്തവ്യമായി കരുതേണ്ടതും ഈ ഉദ്ദേശത്തെ മുൻനിർത്തി സകല ലൌകിക സുഖങ്ങളെയും വെടിഞ്ഞ് സൈനികസേവനത്തിന്നായി പുറപ്പെടേണ്ടതുമാകുന്നു. സൈനികസേവനംകൊണ്ട് ഒരു യുവാവിന്ന് പല ഗുണങ്ങളും സിദ്ധിക്കുന്നതാണ്.

ഒന്നാമതായി ഒരു ഭടൻ എപ്പോഴും കർത്തവ്യനിഷ്ഠയോടു കൂടിയവനായിരിക്കും. ആഹ്ലാദഭരിതമായ ജീവിതംകൊണ്ട് ദേഹത്തിന്നും മനസ്സിന്നും ഒരുപോലെ വളർച്ച ലഭിക്കുന്നതും തദ്വാരാ സന്തോഷചിത്തനായിത്തീരുന്നതും ആകുന്നു.

എല്ലാററിന്നും പുറമെ സൈനികജീവിതം നയിക്കുന്ന ഒരു വ്യക്തിക്ക് ഭാരതത്തിലെ പല ഭാഗങ്ങളിലേയും ജനസമൂഹമായുള്ള സമ്പർക്കവും അവരെപ്പററിയുള്ള ഒരു ശരിയായ ജ്ഞാനവും സിദ്ധിക്കുന്നതിന്ന് ഇടവരുന്നു. ഈ കാര്യം ചില്ലറയായ ഒന്നല്ല. യുദ്ധാനന്തരമുള്ള പൊതുജീവിതത്തിൽ ഈ ജ്ഞാനം ഏതൊരുവനും വളരെ വലിയ ഒരനുഗ്രഹമായിത്തീരുന്നതാണ്. അതുകൊണ്ട് സൈനികജീവിതത്തെ വിദ്യാർത്ഥിജീവിതത്തോടു സാമ്യപ്പെടുത്താമെന്നാണ് ഈ എഴുതുന്നവന്റെ അഭിപ്രായം. ഈ അഭിപ്രായത്തോടു യോജിക്കാത്തവരായി ആരുംതന്നെ ഉണ്ടെന്നു തോന്നുന്നില്ല.

(തുടരും)

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 ജൂൺ 9-ാംനു, വെള്ളിയാഴ്ച

## ആക്രമണം

ഈ ആഴ്ചയിൽ യുദ്ധം തുടങ്ങിയതിന്നുശേഷം ഇതുവരെ സംഭവിച്ചിട്ടില്ലാത്ത രണ്ടു മഹാകാൎയ്യങ്ങൾ നടന്നിട്ടുണ്ടു്. അതിലൊന്നു്, റോം ഐക്യകക്ഷികൾ പിടിച്ചതും, മറേറതു്, ഒരു വമ്പിച്ച ഐക്യസേന ഫ്രാൻസിന്റെ ഉത്തരതീരത്തു് ഇറങ്ങിയതുമാണു്. ഹിററ്ലരുടെ സൈന്യം ഇററലിയിൽ റോമിൽനിന്നു വടക്കോട്ടേക്കു മാറി മലയിടുക്കുകളിലേക്കു പിൻവാങ്ങുന്നതായി മുൻലക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. റോം കൈവിടാനായി അയാളുദ്ദേശിക്കുന്നതിന്റെ ഒരു മുന്നറിവായിരുന്നു അതു്. ഇപ്പോളിതാ റോം സഖ്യശക്തികൾക്കു കീഴടങ്ങിയിരിക്കുന്നു. ഇതിൽനിന്നു മനസ്സിലാക്കേണ്ടതു് ഇററലിയിൽ ഐക്യസേനയുടെ ബലം വൎദ്ധിച്ചുവരുന്നുണ്ടെന്നും, ശത്രുബലം ക്ഷയിക്കുന്നുണ്ടെന്നുമാണല്ലോ. ഐക്യകക്ഷികൾ ഉദ്ദേശിച്ചുവരുന്ന ആക്രമണത്തിന്റെ ഒരു പീഠികയായിട്ടും റോമിന്റെ പതനം കരുതേണ്ടിയിരിക്കുന്നു. കുറേക്കാലമായി താളത്തിലിരുന്ന ഐക്യസേന, അഞ്ചാം സൈന്യവും എട്ടാം സൈന്യവും, പെട്ടെന്നു സഹായം ലഭിച്ചതോടുകൂടി മുന്നോട്ടു കുതിച്ചുകയറി, ശത്രുവിനെ ഓടിച്ചു. എന്നാൽ ശത്രുവിന്റെ ശക്തി ഇതുകൊണ്ടു തീരെ ക്ഷയിച്ചുവെന്നു് പറയാറായിട്ടില്ല. ആക്രമണസന്നാഹങ്ങളെപ്പററി ഇടക്കിടക്കു് അറിവു കിട്ടിയിരുന്നതിനാൽ, അതിനെ തടുക്കുവാനുള്ള മുൻകരുതലുകൾ ചെയ്യാതിരിക്കാൻ ഹിററ്ലൎക്കും തരമില്ലല്ലോ. സ്വാതന്ത്ര്യഫ്രഞ്ചുകാരോടു യോജിച്ചു പ്രവൎത്തിക്കുവാൻ ഐക്യസേനയുടെ ഒരു വലിയ ഭാഗം, വടക്കെ ആഫ്രിക്കയിൽകൂടി വരുന്നുണ്ടെന്നു ജൎമ്മൻ വൎത്തമാനകേന്ദ്രങ്ങൾ മുൻപുതന്നെ പ്രഖ്യാപനം ചെയ്തിരുന്നു. പിന്നെ ഇംഗ്ലണ്ടിൽ, അമേരിക്കക്കാരുടെ സഹായത്തോടുകൂടി ചെയ്യുന്ന ഗംഭീരമായ ഒരുക്കങ്ങളെപ്പററിയും ഹിററ്ലൎക്കു അറിവു കിട്ടിയിരിക്കണം. ആക്രമണസേന എവിടെയാണിറങ്ങുകയെന്നതു് ഇതുവരെ ഒരു വലിയ പ്രശ്നമായിരുന്നു. നോർവേ മുതല്ക്കു ഫ്രാൻസിന്റെ തെക്കെ അതിൎത്തിവരെയുള്ള കടൽത്തീരം തുറന്നുകിടക്കുന്നു. പക്ഷെ, ഈ ഭാഗങ്ങൾ മുഴുവനും, പ്രത്യേകിച്ചു്, ഫ്രാൻസിന്റെ തീരം, ഹിററ്ലർ കോട്ട കെട്ടി സുരക്ഷിതമാക്കിയിട്ടുണ്ടെന്നുള്ളതു് ഐക്യകക്ഷികൾക്കു അറിവുള്ള സംഗതിയാണു്. അതുകൊണ്ടു ഒരു വമ്പിച്ച സന്നാഹത്തോടുകൂടിയല്ലാതെ ആക്രമണം സാദ്ധ്യമല്ലെന്നു ഐക്യസേനാധിപന്മാൎക്കു ബോദ്ധ്യവുമുണ്ടായിരുന്നു. ഇവരുടെ ഒരുക്കങ്ങൾക്കനുസരിച്ചുള്ള മുൻകരുതലുകൾ ഹിററ്ലരും ചെയ്തിട്ടില്ലെന്നു വിചാരിച്ചുകൂടാ. അതിന്റെ ഫലമായിട്ടാണു് ജൎമ്മൻസേന റഷ്യയിൽനിന്നും ഇററലിയിൽനിന്നും പെട്ടെന്നു പിൻവാങ്ങിയിട്ടുള്ളതു്. മുന്നോട്ടു കയറാൻ പ്രയാസമാണെങ്കിൽ നിന്നു പോരുതു സമയം കളയേണ്ടല്ലോ എന്നായിരിക്കണം അയാളുടെ യുക്തി. പിന്നെ, അഞ്ചു കൊല്ലത്തെ ഒരുക്കത്തിന്റെ ഫലമായിട്ടാണു് ഈ ആക്രമണം. സകല വിടവുകളും അടച്ചുകൊണ്ടാണു് ഐക്യകക്ഷികളുടെ ഇപ്പോഴത്തെ പുറപ്പാടു്. രണ്ടു മൂന്നു തവണ അവൎക്കു പററിയിട്ടുള്ള അബദ്ധങ്ങളൊന്നും ഇനി ആവൎത്തിക്കുന്നതല്ലെന്നും ഹിററ്ലൎക്കറിയാവുന്നതാണു്. ഇരുകക്ഷികളും ഒരു വലിയ കലാശം കൊട്ടലിനാണു് ഇപ്പോൾ ഒരുക്കുന്നതു്. ഈ ബലാബലപരീക്ഷയുടെ ഫലം ലോകം മുഴുവൻ അത്യൽക്കണ്ഠയോടുകൂടിട്ടാണു് നോക്കിയിരിക്കുന്നതു്.

ഐക്യസേനയുടെ ശക്തിയെപ്പററി ഏതാണ്ടൊരറിവു് നമുക്കിപ്പോളുണ്ടായിട്ടുണ്ടു്. കരസൈന്യത്തിന്നു പുറമെ 4,000 പടക്കപ്പലുകളും 11,000 വിമാനങ്ങളും ഇപ്പോഴത്തെ ആക്രമണത്തിന്നുപയോഗപ്പെടുത്തീട്ടുണ്ടു്. നോർമണ്ഡിയിൽ അനവധി പാരച്ചൂട്ടുകളും ഇറങ്ങിയിട്ടുണ്ടു്. ജനറൽ മൌണ്ടുഗോമറിയാണു് കരസൈന്യത്തിന്റെ അധിപൻ. ഇതിൽ ബ്രിട്ടീഷുകാരും കാനഡീയന്മാരും ഐക്യസംസ്ഥാനക്കാരും ഉൾപ്പെട്ടിട്ടുണ്ടു്. കരസൈന്യവും കടൽസൈന്യവും ഒത്തുചേൎന്നാണു് ആക്രമണം നടത്തിയതു്. ആക്രമണസീമ ഹാവെർ (Havre) മുതൽ ചെർബഗ് (Cherbourg) വരെയാണു്. നോർമണ്ഡി മുഴുവനും സീൻനദി (River Seine) വരെ ആക്രമണസേന നിരന്നിട്ടുണ്ടു്. രണ്ടു കേന്ദ്രങ്ങളിൽകൂടി ഐക്യസേന തെക്കോട്ടു വളരെ ദൂരം തള്ളിപ്പോയിട്ടുണ്ടെന്നും അറിയുന്നു. ഏതുവിധമായാലും, പൂൎവ്വപരിശ്രമങ്ങളെ അപേക്ഷിച്ചു് ഈ മഹാ സംരംഭം വിജയപ്രദമായതിൽ ഐക്യസേനയെ അനുമോദിക്കേണ്ടിയിരിക്കുന്നു.

ചെറുകഥ

# “മറിയത്താത്തയുടെ വിഡ്ഢിത്വം”

(ടി. അസ്സനാർകുട്ടി, താനൂർ)

വ്യവഹാരത്തിൽ വലിയ പ്രാമാണ്യം നേടിയ കമ്മുകാക്ക, തന്റെ ആദ്യത്തെ ഭാര്യ മരിച്ച അടുത്ത കൊല്ലം തന്നെ വീണ്ടും വിവാഹം കഴിച്ചു. ആദ്യത്തെ ഭാര്യയിൽ ഉണ്ടായ ആയിഷാകുട്ടിയിൽ തനിക്കുണ്ടായിരുന്ന സ്നേഹം, രണ്ടാമത്തെ ഭാര്യ വീട്ടിൽ പടികടന്നുവന്നതോടുകൂടി കുറേശ്ശ കുറഞ്ഞുതുടങ്ങി. അയൽവാസികൾ ഈ പരമാർത്ഥം കുറേശ്ശ പിറുപിറുക്കയല്ലാതെ പരസ്യമാക്കാൻ ധൈര്യപ്പെട്ടില്ല. ആയിഷാകുട്ടിയുടെ 13-ാമത്തെ വയസ്സിലാണ് തന്റെ അമ്മ മരിച്ചതെങ്കിലും, അവൾ അമ്മയുടെ ശിക്ഷണത്തിൻ കീഴിൽ ഒരു സൽസ്വഭാവിയും സൌഭാഗ്യവതിയുമായി ജീവിക്കുവാൻ വേണ്ടുംവണ്ണം പഠിച്ചിട്ടുണ്ടായിരുന്നു. അടുത്ത മാനേജ്മെണ്ട് സ്കൂളിൽ ഉയർന്ന ക്ലാസ്സില്ലായ്കയാൽ 5-ാം തരത്തിൽ വെച്ചുതന്നെ തന്റെ പഠിപ്പു മതിയാക്കി അവൾ വീട്ടിൽ സ്വസ്ഥമായിരിക്കയാണ്. അമ്മയുടെ ജീവിതകാലത്ത് ഇടക്കിടെ തന്റെ വിവാഹാലോചനയും, പണ്ടങ്ങൾ ഉണ്ടാക്കുവാനുള്ള അമ്മയുടെ ധൃതിയുമെല്ലാം അവൾക്കു അത്യധികം ആനന്ദസന്ദായകങ്ങളായിരുന്നു. പക്ഷെ ഇളയമ്മയുടെ വരവോടുകൂടി അതെല്ലാം വെറും സ്വപ്നങ്ങളായി മാറിയിരിക്കയാണ്. അമ്മയുടെ അപേക്ഷപ്രകാരം തനിക്കു പണ്ടങ്ങൾ ഉണ്ടാക്കുവാനായി അച്ഛൻ കരുതിവെച്ചിരുന്ന പണം, ഇളയമ്മയുടെ സഹോദരനു കൺട്രോൾ കച്ചവടം തുടങ്ങുവാൻ അദ്ദേഹം കടം കൊടുത്തുവെന്നറിഞ്ഞതോടുകൂടി ആയിഷക്കുട്ടിക്കു തന്റെ ഭാവിജീവിതത്തിൽ പല ഉൽക്കണ്ഠകളും വന്നുതുടങ്ങി. “ഇഷ്ടമില്ലാകുട്ടി തൊട്ടതൊക്കെ കുററം” എന്നു പറഞ്ഞുകൂട്ടത്തിൽ ആയിഷാകുട്ടിയുടെ ഓരോ പ്രവൃത്തിയേയും ആക്ഷേപിക്കുവാനും, അവൾക്കില്ലാത്ത കുററങ്ങളും കുറവുകളും പറഞ്ഞു കമ്മുകാക്കയെ അലട്ടുവാനും ഇളയമ്മ ആരംഭിച്ചതോടുകൂടി, ആയാൾക്കു ആയിഷക്കുട്ടിയിലുണ്ടായിരുന്ന ആ പരിശുദ്ധമായ വാത്സല്യം അതൃപ്തിയായി മാറുവാൻ വലിയ താമസമൊന്നും വേണ്ടിവന്നില്ല. അവളെ വല്ല തെണ്ടിപിള്ളക്കും വിവാഹം ചെയ്തുകൊടുത്ത്, ഒരുവിധത്തിൽ ആ വീട്ടിൽനിന്നു പുറത്താക്കുവാൻ ആയാൾ നിശ്ചയിച്ചതു ഇളയമ്മക്കു പരിപൂർണ്ണ സംതൃപ്തിയുളവാക്കി.

മൃദുലവും പരിപാവനവുമായ ആയിഷക്കുട്ടിയുടെ ഹൃദയത്തെ ഈവക വാർത്തകൾ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. സെയ്താലി! ബീഡി തിരച്ചുകൊണ്ടു ജീവിതം കഴിക്കുന്ന ഇവനെയാണ് കമ്മുകാക്ക ആയിഷാകുട്ടിക്കു ഭർത്താവായി തിരഞ്ഞെടുത്തത്. ആയിഷാകുട്ടിയോടു ഒരു വാക്കു കൂടിപറയാതെ ആയാൾ ഈ വിവാഹം നടത്തി. ഒരാളും തന്റെ കുടുംബത്തിൽ ഇല്ലാതെ ഏകനായി ജീവിക്കുന്ന സെയ്താലിക്ക് ആയിഷക്കുട്ടിയെ ദർശിച്ച മാത്രയിൽ, താൻ ഏതോ ഒരു സ്വർഗ്ഗലോകത്തു കഴിഞ്ഞുകൂടുന്നതുപോലെയാണ് തോന്നിയത്. ബീഡി കമ്പനിയിൽ പെട്ടെന്നുണ്ടായ പണിമുടക്കം കാരണമായി, സെയ്താലി തന്റെ ഭാര്യയോടുകൂടി മദിരാശി പട്ടണത്തിലേക്കു വല്ല ജോലിയും അന്വേഷിച്ചുപോകുകയും, അവിടെവെച്ച്, അധികം അലഞ്ഞുതിരിഞ്ഞു നടപ്പാൻ എടവരുന്നതിന്നുമുമ്പ്, രാജ്യരക്ഷാസൈന്യത്തിൽ ഒരു ഭടനായി ചേരുകയുംചെയ്തു.

മൂന്നു കൊല്ലത്തിന്നുശേഷം സെയ്താലി, ജമേദാർ സെയ്താലി എന്ന പേരിലാണ് അറിഞ്ഞുവരുന്നത്. സൌഭാഗ്യവതിയായ ആയിഷാകുട്ടി തന്നോടുകൂടിയുള്ളത്, ആയാൾക്കു തന്റെ ഔദ്യോഗിക ജോലിയിൽ എപ്പോഴും ഒരു പ്രോത്സാഹനം നൽകിയിരുന്നു. ഈ കാലത്തിലിടക്ക് കിട്ടിയ ലീവുകാലങ്ങളിലെല്ലാം ആയിഷക്കുട്ടിയുടെ അഭീഷ്ടം അനുസരിച്ച് അദ്ദേഹം നാട്ടിലേക്കു വരാതെ ബങ്കളൂർ, മദിരാശി മുതലായ സ്ഥലങ്ങളിൽ വന്നു സ്വൈരജീവിതം നയിച്ച് മടങ്ങിപ്പോകയാണ് പതിവ്. ഇങ്ങിനെയിരിക്കെയാണ്, ബങ്കാളിൽ ഭയങ്കരമായ ക്ഷാമം വന്നുകൂടിയതു. കൽക്കത്താ നഗരത്തിൽ റോഡിൽ പട്ടിണികിടന്നു മരിക്കുവാൻ പോകുന്നവരെ പട്ടാള ലോറിയിൽ കയററി ആസ്പത്രിക്കയക്കുന്ന ജോലിയിലാണ് ജമേദാർ സെയ്താലി ഏൽപ്പെട്ടിരിക്കുന്നത്. മനുഷ്യജീവിതത്തിൽ മികച്ച പുണ്യപരമായ ഈ ജോലിയിൽ തന്റെ ഭർത്താവിനെ സഹായിപ്പാൻ ആയിഷക്കുട്ടിയും കൂടെ തന്നെ കാറിൽ സഞ്ചരിച്ചുകൊണ്ടിരിക്കയാണ്.

എന്തൊരാശ്ചര്യം! പട്ടിണിപാവങ്ങളുടെ കൂട്ടത്തിൽ തന്റെ ആ പഴയ ഇളയമ്മയെ കണ്ടതോടുകൂടി ആയിഷക്കുട്ടിയുടെ ഹൃദയം പൊട്ടിതകർന്നുപോയി. ഉടനെ അവരെ ആസ്പത്രിക്കയച്ചു. വൈകുന്നേരം ആയിഷക്കുട്ടിയും ഭർത്താവും കൂടി ആസ്പത്രിയിൽ ചെന്ന് അവരെ സന്ദർശിക്കുകയും, കമ്മുക്കാക്കയുടെ മരണശേഷം തന്റെ കുട്ടിയോടുകൂടി ചായത്തോട്ടത്തിൽ പ്രവൃത്തിക്കു പോയതും, തിരിഞ്ഞുമറിഞ്ഞു കൽക്കത്തയിലെത്തിയതും, കുട്ടി മരിച്ചുപോയതുമെല്ലാം മറിയത്താത്ത അവരോടു പറയുകയും ചെയ്തു. താൻ മരിക്കുവാൻ തയ്യാറായ അവസരത്തിൽ, താൻ കുറച്ചുകാലം മുമ്പെ കൈവെടിഞ്ഞ ആയിഷയും ഭർത്താവുംകൂടി വന്ന് തന്നെ രക്ഷപ്പെടുത്തിയതു മറിയത്താത്തക്കു ഈശ്വരവിചാരം ഉണ്ടാക്കുകയും തന്റെ വിഡ്ഢിത്തങ്ങൾ ആലോചിച്ചു, കണ്ണുനീരോടുകൂടി ആസ്പത്രിയിൽനിന്നു, ആയിഷക്കുട്ടിയുടെ മണിമാളികയിലേക്കു, അവളോടുകൂടി, കാറിൽ, അതിവേഗം പോകുകയും ചെയ്തു.



കൊച്ചിക്കാരായ ഒരു കൂലിപ്പട്ടാളക്കാർ പ്രവൃത്തിയിലേർപ്പെട്ടിരിക്കുന്നു.

# മിസ്റ്റർ എം. പി. കുഞ്ഞിരാമൻ

## ഭൂലോകം ചുററിസഞ്ചരിച്ച വടകരക്കാരനായ മലയാളി യുവാവ്

### അത്ലാന്തിക്ക് യുദ്ധത്തിലും, പാസിഫിക്ക് യുദ്ധത്തിലും പങ്കെടുത്ത ജൈറോ കോമ്പസ്സ് വിദഗ്ദ്ധൻ

റോയൽ ഇന്ത്യൻ നാവികസേനയിൽപെട്ട ഒരു കപ്പലിലെ ജൈറോ കോമ്പസ്സ് വിദഗ്ദ്ധനായ മി. എം. പി. കുഞ്ഞിരാമൻ, ഇംഗ്ലണ്ട്, ഐർലണ്ട്, അമേരിക്ക, ആഫ്രിക്ക, ആസ്ട്രേലിയ എന്നീ രാജ്യങ്ങൾ ചുററിസഞ്ചരിച്ചതിന്നു ശേഷം ഇപ്പോൾ ലീവിൽ സ്വദേശമായ വടകരയിൽ വന്നിരിക്കയാണ്. ഇദ്ദേഹം ഉദ്യോഗസ്ഥലത്തേക്കു മടങ്ങിപ്പോയതായി പത്രത്തിൽ കണ്ടു (യു. സ. പ.)

1941 ൽ മദിരാശിയിലെ ഗവർമ്മേണ്ട് സ്കൂൾ ഓഫ് ടെക്നോളജി എന്ന വൈദ്യുത സ്ഥാപനത്തിൻ കീഴിൽ പരിശീലനം കഴിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഇദ്ദേഹത്തിന്നു ഇന്ത്യൻ നാവികസേനയിൽ പ്രവേശനം ലഭിച്ചതു്. വിദ്യുച്ഛക്തിസംബന്ധമായി ബോമ്പായിൽവെച്ചുനടത്തിയ മത്സരപരീക്ഷയിൽ അസാമാന്യ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചുകൊണ്ടു ഈ യുവാവ് പ്രശസ്തമായ വിധത്തിൽ വിജയം സമ്പാദിച്ചു അതനുസരിച്ചു അധികൃതന്മാർ ഉടനടി ഇദ്ദേഹത്തെ സാങ്കേതിക പരിശീലനത്തിന്നായി ആസ്ട്രേലിയയിലെ മെൽബോൺ (Melbourne) എന്ന പട്ടണത്തിലേക്കു അയക്കുകയും ചെയ്തു. അവിടെയുള്ള ആസ്ട്രേലിയൻ കോമൺവെൽത്ത് ഗവർമ്മേണ്ട് ടോർപിഡോ സ്കൂളിൽ ഇദ്ദേഹം ഒരു കൊല്ലം പരിശീലനം കഴിക്കുകയും, സ്തുത്യർഹമായ വിധത്തിൽ പരിശീലനം പൂർത്തിയാക്കിയതിന്നുശേഷം ആറു മാസത്തോളം സിഡ്നി നാവിക സങ്കേതത്തിൽ പ്രായോഗിക ശിക്ഷണത്തിൽ ഏർപ്പെടുകയും ചെയ്തു. ആസ്ട്രേലിയായിൽനിന്നും പഠിത്തം മുഴമിപ്പിച്ചതിൽ പിന്നെ കപ്പലയിൽ രാജ്യത്തുവന്നു. അവധി കഴിഞ്ഞു ആസ്ട്രേലിയയിൽ തിരിച്ചെത്തിയപ്പോഴേക്കും തന്റെ പേർ ഉപരിപഠനത്തിന്നായി ഇംഗ്ലണ്ടിലേക്കു അയക്കപ്പെടുന്നവരുടെ ലിസ്റ്റിൽ ഉണ്ടെന്നറിയാനിടയായി. ചെറുപ്പത്തിലെ ദേശാടനത്തിൽ അതിയായ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്ന മി. കുഞ്ഞിരാമൻ ഈ വാർത്തയെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണുണ്ടായതു്.

അങ്ങിനെ മി. കുഞ്ഞിരാമൻ 1943 ൽ ഇംഗ്ലണ്ടിലേക്കു ഉപരിപഠനാർത്ഥം കപ്പൽ കയറി. ഇംഗ്ലണ്ടിലെ സസ്സക്സ് (Sussex) എന്ന സ്ഥലത്തുള്ള ബ്രൈട്ടൺ (Brighton) എന്ന പട്ടണത്തിലെ റോഡീൻ സ്കൂളിൽവെച്ചു തന്റെ പരിശീലനം പൂർത്തിയാക്കുകയും ജൈറോ കോമ്പസ്സ്



മി. എം. പി. കുഞ്ഞിരാമൻ.

വിദഗ്ദ്ധൻ എന്ന യോഗ്യത സമ്പാദിക്കുകയും ചെയ്തു. നാവിക വകുപ്പിൽ ഈ യോഗ്യത സമ്പാദിക്കുന്ന ആദ്യത്തെ മലയാളിയാണ് മി. കുഞ്ഞിരാമൻ.

പിന്നീടു ഇദ്ദേഹം ഔദ്യോഗികമായി അത്ലാന്തിക്ക് യുദ്ധത്തിലും, പാസിഫിക്ക് യുദ്ധത്തിലും പങ്കെടുക്കുവാൻ നിയുക്തനായി. വടക്കെ അത്ലാന്തിക്ക് സമുദ്രത്തിൽ കാവൽ ജോലിയിൽ ഏർപ്പെട്ടിരുന്ന അവസരത്തിൽ ഇദ്ദേഹത്തിന്റെ പടക്കപ്പലിൽ ജർമ്മൻ ലൈനർ ബോംബർ വിമാനങ്ങൾ ബോംബിടുകയും, ജർമ്മൻ മുങ്ങിക്കപ്പലുകൾ ടോർപിഡോ പ്രയോഗിക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നതു പ്രത്യേകം പ്രസ്താവ്യമാണ്. മദ്ധ്യധരണ്യാഴിയിൽ ശത്രുക്കളുടെ മൈൻ നീക്കം ചെയ്യുകയെന്ന ധീരമായ ജോലിയിലും ഇദ്ദേഹം ഏർപ്പെടുകയുണ്ടായിട്ടുണ്ട്. ജർമ്മനിയുടെ മിന്നൽ യുദ്ധ (Blitz) കാലത്തു ഇംഗ്ലണ്ടിൽവെച്ചു ഇദ്ദേഹത്തിന്നു എത്രയോ തവണ ആകാശാക്രമണങ്ങൾ അനുഭവപ്പെട്ടിട്ടുണ്ട്.

ജാപ്പ് മുങ്ങിക്കപ്പലുകൾ ആസ്ട്രേലിയായിലെ സിഡ്നി തുറമുഖം ആക്രമിച്ച കാലത്തു ശത്രുക്കപ്പലുകൾക്കു എതിരായി (Anti-Submarine Duty) നടത്തിയ യുദ്ധത്തിൽ ഇദ്ദേഹത്തിന്നു ഒരു സജീവമായ പങ്കുണ്ടായിരുന്നുവെന്നതും സ്മരണീയമാണ്.

ലണ്ടനിലെ എമ്പയർ പാർല്ലിമെൻററി അസോസിയേഷൻ സിക്രട്ടറിയുടെ പ്രത്യേക ക്ഷണനമനുസരിച്ചു ഇദ്ദേഹവും സഹപ്രവർത്തകന്മാരും കോമൺസ് സഭയിൽ ഹാജരായിട്ടുണ്ട്. ബഹുമാനപ്പെട്ട സന്ദർശകന്മാർക്കുള്ള ഡൊമിനിയൻ ഗാലറിയിലാണ് ഇവർക്കു ഇരിപ്പിടം നൽകിയിരുന്നതു്. കോമൺസ് സഭയിൽ സംബന്ധിക്കുവാൻ പ്രധാനമന്ത്രി മി. ചർച്ചിൽ പ്രത്യക്ഷപ്പെടുമ്പോൾ സഭാംഗങ്ങൾ പ്രധാനമന്ത്രിയെ അഭിവാദ്യം ചെയ്യുക എന്നൊരു സമ്പ്രദായം സഭയുടെ ഒരു ചടങ്ങ് എന്ന നിലയിൽ ഇപ്പോഴും അവിടെ നടപ്പിലുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഇദ്ദേഹത്തിന്നും സഹപ്രവർത്തകന്മാർക്കും ഒന്നുരണ്ടു തവണ പങ്കു കൊള്ളുവാൻ സാധിച്ചിട്ടുണ്ട്.

നാവിക മേലുദ്യോഗസ്ഥന്റെ പ്രത്യേക അനുമതിയനുസരിച്ചു ചക്രവർത്തി കൊട്ടാരത്തിൽ സന്നിഹിതനായ സന്ദർഭത്തിൽ ഇദ്ദേഹത്തിന്നും സഹപ്രവർത്തകന്മാർക്കും ബക്കിങ്ങ്ഹാം കൊട്ടാരം (Buckingham Palace), വിൻഡ്സർ കാസിൽ (Windsor Castle) എന്നിവ സന്ദർശിക്കാനുള്ള അവസരം ലഭിച്ചു. ഇദ്ദേഹം ഇപ്പോഴും ഇംഗ്ലണ്ടിലെ ഇൻറർനാഷനൽ യൂത്ത് സെൻററിലെയും സ്ലോൺ സ്ക്വയറിലുള്ള ഷെവ്‌റൺസ് ക്ലബ്ബിലെയും ഒരു പ്രമുഖാംഗമാണ്.

സ്റ്റാർ, മെഡൽ തുടങ്ങിയ കീർത്തിമുദ്രകൾ സമ്പാദിക്കുവാൻ കഴിഞ്ഞ ഈ യുവാവിന്നു ഇപ്പോൾ കേവലം 28 വയസ്സു മാത്രമാണ് പ്രായം.

നാവിക വകുപ്പിലെ യാന്ത്രിക വിഭാഗത്തിലുള്ള ഏത്രയും പ്രയാസമേറിയ ജോലികൾ ഇംഗ്ലീഷുകാരെ പോലെ തന്നെ ഇന്ത്യക്കാർക്കും സാമർത്ഥ്യത്തോടും കാര്യക്ഷമതയോടുംകൂടി നിർവ്വഹിക്കുവാൻ സാധിക്കുമെന്നു പ്രത്യക്ഷപ്പെടുത്തിയ ജൈറോ കോമ്പസ്സ് വിദഗ്ദ്ധനായ മി. കുഞ്ഞിരാമനെ മലയാളികളായ നമുക്കു അഭിനന്ദിക്കാതെ നിവൃത്തിയില്ല.

# യു. എസ്സ്. എസ്സ്. ആർ.

## (യൂണിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ് റിപബ്ലിക്ക്)

(തുടൎച്ച)

### രാഷ്ട്രീയ ഘടന

സ്റ്റാലിന്റെ ആദൎശപ്രകാരമുള്ള യു. എസ്സ്. എസ്സ്. ആർ. രാഷ്ട്രഘടന സകല പേൎക്കും യാതൊരു വ്യത്യാസവുമില്ലാതെ രാഷ്ട്രീയവും സാമുദായികവും, കലാപരവും, ധനപരവുമായ സമത്വമനുവദിക്കുന്നു. രാജ്യത്തിലെ സകല പ്രസ്ഥാനങ്ങളും ഈ തുല്യാവകാശത്തെ ലാക്കാക്കി രൂപീകരിക്കപ്പെട്ടിരിക്കും. ഈ സാമാന്യ നിയമത്തിന്നു അണുവെങ്കിലും ലംഘനം കണ്ടുപോയാൽ അതിന്നു കാരണക്കാരാരായിരുന്നാലും, ശിക്ഷാൎഹരാണു്.

പതിനാറു സ്വതന്ത്ര രാഷ്ട്രങ്ങൾ സ്വയമേവ ചേൎന്നു ഉണ്ടായതും, സ്വേഛയാ സകല സ്വാതന്ത്ര്യങ്ങളും സമത്വവും ആസ്വദിക്കുന്നതുമായ ഒരു സംഘടിത രാഷ്ട്രമാണു് യു. എസ്സ്. എസ്സ്. ആർ. എന്നു മുൻപുതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. അംഗങ്ങളായ ഓരോ രാഷ്ട്രങ്ങൾക്കും വേണമെങ്കിൽ സംഘടനയിൽ നിന്നു പിൻമാറാനും സ്വാതന്ത്ര്യമുണ്ടു്. യു. എസ്സ്. എസ്സ്. ആർ-ന്റെ ഭൂസ്വത്തു് അധികൃതാനുമതി കൂടാതെ വ്യത്യാസപ്പെടുത്താൻ സാധിക്കുകയില്ല.

യു. എസ്സ്. എസ്സ്. ആർ, രാഷ്ട്രത്തിലെ ഏററവും ഉയൎന്ന ശക്തി അവിടത്തെ "സുപ്രീം സോവിയററ്" ആണു്. അതിന്നു് രണ്ടു മണ്ഡലങ്ങളുണ്ടു്; യൂണിയന്റെ സോവിയററും, ദേശങ്ങളുടെ സോവിയററും. ഇവക്കു രണ്ടിന്നും തുല്യ അധികാരങ്ങൾ തന്നെയാണുള്ളതു്; രണ്ടിന്നും പ്രമേയങ്ങൾ അവതരിപ്പിക്കുവാനുള്ള അധികാരവും ഉണ്ടു്. അതു് രണ്ടു മണ്ഡലങ്ങളിലും വോട്ടു്പ്രകാരം പാസ്സായാലേ ഒരു നിയമമാകുകയുള്ളു. നിയമ നിൎമ്മാണാധികാരം യു. എസ്സ്. എസ്സ്. ആർ-ലെ സുപ്രീം സോവിയററിന്നു തന്നെയാണുള്ളതു്.

### ഭരണ ഘടന

ഭരണത്തിനായി ഒരു കോടതിയും പ്രോക്യുറേററും ഉണ്ടു്. പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരോ, അല്ലെങ്കിൽ തൊഴിലാളി പ്രതിനിധികളാൽ തിരഞ്ഞെടുക്കപ്പെട്ടവരോ ആയിരിക്കും അതിലെ ഉത്തരവാദികൾ. ന്യായാധിപതിമാർ നിയമപ്രകാരം സ്വതന്ത്രരാണു്. ശിക്ഷിതനായ ഒരാൾക്കു തന്റെ സ്വന്തം ഭാഷ കോടതിയിൽ ഉപയോഗിക്കുന്നതിന്നും, തന്നെത്താൻ വാദിച്ചുകൊള്ളുന്നതിന്നുമുള്ള സ്വാതന്ത്ര്യമുണ്ടു്. രാഷ്ട്രത്തിന്റെ പൊതു ക്ഷേമം, മദ്ധ്യസ്ഥിതവും, പരിപൂൎണ്ണമായി സ്വാതന്ത്ര്യവുമായ ഒരു പ്രോക്യുറേററുടെ ആഫീസാണു് അന്വേഷിച്ചു വരികയും, അതിൽ ന്യായം നടത്തുകയും ചെയ്യുന്നതു്.

### സൈനികവിഭാഗം

1941ൽ ഒരു വഞ്ചിതാക്രമണമുണ്ടായപ്പോൾ യു.എസ്.എസ്. ആർ-ലെ സമാധാനം ഭഞ്ജിക്കപ്പെട്ടു. സ്റ്റാലിന്റെ ആഹ്വാനത്തിൽ സോവിയററിലെ ജനതയാകമാനം രാജ്യരക്ഷാൎത്ഥം ഒരു സൈനിക ശക്തിയായി രൂപാന്തരം കൈക്കൊണ്ടു, അസാധാരണ വേഗതയിൽ, ക്രമീകൃതമായ ഒരു ജീവിതപുനൎരൂപീകരണം നടന്നു.

ഒന്നാമത്തെ ലോകമഹായുദ്ധത്തിനിടക്കു്, യുദ്ധത്തിന്നു തക്കവണ്ണം തന്റെ വ്യവസായത്തെ രൂപീകരിക്കുവാൻ നാലു കൊല്ലംകൊണ്ടു്, സാറിന്റെ റഷ്യക്കു കഴിഞ്ഞില്ല. എന്നാൽ സോവിയററു റഷ്യ, സ്റ്റാലിന്റെ ആധിപത്യത്തിലുള്ള ഒരു ദേശീയ രക്ഷാ കമ്മററിയുടെ നിൎദ്ദേശപ്രകാരം, ഈ വിഷമത്തെ മൂന്നു നാലു മാസം കൊണ്ടു തരണം ചെയ്തു. യുദ്ധത്തിന്നു മുൻപു സാമാന്യോപയോഗത്തിന്നുള്ള സാധനങ്ങൾ നിൎമ്മിച്ചിരുന്ന വ്യവസായശാലകൾ, ആയുധങ്ങളും, മരുന്നുകളും, മററുമുണ്ടാക്കുന്നതിലേക്കു വിനിയോഗിച്ചു തുടങ്ങി.

ശത്രുക്കളിൽനിന്നുള്ള ആക്രമണത്തെ ഭയന്നു് ഒഴിച്ചു മാറിപ്പോരേണ്ടിയിരുന്ന കിഴക്കൻ പ്രദേശങ്ങൾ വളരെ ഉൽക്കൎഷയുളവാക്കി. എൻജിനീയൎമാരും, പണിക്കാരും, റെയിൽവേക്കാരും വേണ്ടതെല്ലാം വീരോചിതമായി ചെയ്തു. പ്രധാനപ്പെട്ട വ്യവസായ കേന്ദ്രങ്ങൾക്കു ഈ സന്ദൎഭങ്ങളിൽ നേരിട്ട നാശവും, അവിടങ്ങളിൽ പ്രവൃത്തിയെടുത്തുകൊണ്ടിരുന്നവരെ യുദ്ധസേവനത്തിനായി നിയോഗിക്കുക കൊണ്ടുണ്ടായ തല്ക്കാല മുടക്കവും എല്ലാം, പ്രസ്തുത വീരന്മാരുടെ പ്രവൃത്തികൾകൊണ്ടു ക്ഷണം പരിഹൃതമാകുകയും, യുദ്ധത്തിന്റെ ആദ്യവൎഷത്തിൽ തന്നെ സോവിയററിലെ വ്യവസായസ്ഥിതി പൂൎവ്വവൽ അഭിവൃദ്ധിപ്പെടുകയും ചെയ്തു.

സ്വരാജ്യത്തോടുള്ള നിസ്സീമസ്നേഹവും, തങ്ങളുടെ താല്പൎയ്യങ്ങളെപ്പററിയുള്ള യഥാൎത്ഥ ബോധവും, സോവിയററു ജനതയെ വേണ്ടപോലെ ഉത്ബുദ്ധരാക്കിത്തീൎത്തു. രാജ്യക്ഷേമത്തെലാക്കാക്കി, സമരനിരകളിലെ ഭടന്മാരും, വ്യവസായകേന്ദ്രങ്ങളിലെ പണിക്കാരും, എന്നുവേണ്ട, രാജ്യത്തെ സകലപേരും, തങ്ങളുടെ സൎവ്വവും, ശത്രുവിനെ തോല്പിക്കുന്നതിലേക്കു വിനിയോഗിക്കുന്നു. ചെമ്പടയുടെ വീരപരാക്രമങ്ങൾ കേട്ടറിഞ്ഞു, അവർ കഴിയുന്നത്ര ആയുധങ്ങളും മററും അയച്ചു അവരെ സഹായിക്കുന്നു. അടിയന്തരമായി എന്തെങ്കിലും ചെയ്യേണ്ടതായുള്ള കാലത്തു, അനവധി ദിവസങ്ങൾ വിശ്രമമോ ശരിയായ ആഹാരമോ ഇല്ലാതെ ഈ ജോലിക്കാർ അവരുടെ ജോലി സ്ഥലങ്ങളിൽ തന്നെ താമസിക്കുന്നു.

കൂട്ടകൃഷിക്കാരും ഇമ്മാതിരി പ്രവൃത്തികളിൽ വളരെ സഹായം ചെയ്തുവരുന്നു. യുദ്ധരംഗങ്ങളിലേക്കു ആവശ്യമുള്ളത്ര ഭക്ഷണ സാധനങ്ങളയച്ചു കൊടുക്കേണ്ടതിലേക്കായി അനേകായിരം ഏക്കർ ഭൂമി വൎഷംവൎഷം കൂടുതൽ കൃഷി ചെയ്തുവരികയും, ചില സ്ഥലങ്ങളിൽമാത്രം കൃഷി ചെയ്തു വന്നിരുന്ന പല സാധനങ്ങളും മററുള്ള സ്ഥലങ്ങളിലും കൃഷി ചെയ്തു, ഉല്പന്നം വളരെ വൎദ്ധിപ്പിക്കുകയും ചെയ്യുന്നു. ശാസ്ത്രജ്ഞന്മാരുടെയും, എൻജിനീയൎമാരുടേയും സഹകരണവും ഇവക്കു വേണ്ടപോലെയുണ്ടായിരുന്നു.

ഡിഫെൻസ് ഫണ്ടിൽ പണമടച്ചും മററു പലവിധത്തിലും അവർ സ്വരാജ്യ സ്നേഹം പ്രത്യക്ഷമാക്കുന്നു. അവരുടെ സ്വകാൎയ്യ സമ്പാദ്യങ്ങളെടുത്തു അവർ ടാങ്കുകളും ആയുധങ്ങളും മററും ഉണ്ടാക്കി സൈന്യത്തിന്നു കൊടുക്കുന്നു. 1943ൽ ഒരു യുദ്ധക്കട പരസ്യത്തിൽ ഒരൊററ ദിവസംകൊണ്ടു 12,000,000,000റൂബിൾസ് പിരിഞ്ഞു കിട്ടി. അടുത്തു തന്നെ അവിടത്തെ ജനത 20,323,000,000 റൂബിൾസു് കൂടി പിരിച്ചെടുത്തു കൊടുത്തു. ഇതും കൂടാതെ, കൂട്ടകൃഷിക്കാർ തങ്ങളുടെ സ്വകാൎയ്യ സമ്പാദ്യങ്ങളിൽ നിന്നു് എത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ 7,000,000,000, ൽ ചില്ലാനം റൂബിൾസു് ചെമ്പടയ്ക്കു ആയുധസജ്ജീകരണത്തിന്നായി കൊടുത്തു. തങ്ങളുടെ രക്തം ചെമ്പടയിലെ ഭടന്മാൎക്കു കൊടുക്കുന്നവരായി സ്ത്രീ പുരുഷന്മാർ ചേൎന്നു 250,000-ൽ കൂടുതലാളുകളുണ്ടു്. അതുപോലെ തന്നെ ഗ്രാമങ്ങളിൽനിന്നും സഹായങ്ങൾ സമരമുന്നണികളിലേക്കു ലഭിച്ചുവരുന്നു. യുദ്ധ സേവനമനുഷ്ഠിക്കുന്നവരുടെ കുടുംബക്കാൎക്കു എത്രയും ഹാൎദ്ദമായ സഹായസഹകരണങ്ങൾ കൊടുക്കുന്നുണ്ടു്. സൈന്യങ്ങളുടെ പിന്നണിയിലാകട്ടെ ഗറില്ല യുദ്ധക്കാരെക്കൊണ്ടു ശത്രുക്കൾക്കു നേരിടുന്ന കഷ്ടങ്ങൾ അസംഖ്യങ്ങളാണു്. ജൎമ്മൻകാരുടെ യുദ്ധസ്ഥിതിയെ എപ്പോഴും അനിശ്ചിതമാക്കുമാറു, അവരുടെ അണിനിരതെററിക്കുകയും, റെയിൽപ്പാതകൾ താറുമാറാക്കുകയും, ശത്രുഭടന്മാരെ ആയിരക്കണക്കിൽ കൊന്നൊടുക്കുകയും ചെയ്യുന്നു.

ശത്രുപീഡയിൽനിന്നു രക്ഷപ്പെടുത്തിയ സ്ഥലങ്ങളോടു ഇവർ കാണിക്കുന്ന മനോഭാവത്തിലാണു് റഷ്യക്കാരുടെ സ്വരാജ്യ സ്നേഹം ശരിയായി പ്രത്യക്ഷമാകുന്നതു്. അങ്ങിനെയുള്ള സ്ഥലത്തെ ആളുകൾക്കു സൎവ്വാത്മനായുള്ള സഹായങ്ങളാണു് അവർ ചെയ്യുന്നതു്. നാനാവിധമുള്ള നശീകരണങ്ങളും ഉണ്ടായിരിക്കെ, യു. എസ്. എസ്. ആർ-ന്റെ നവീന നിൎമ്മാണപദ്ധതിയും തുടൎന്നു പോകുക തന്നേ ചെയ്യുന്നു. പുതിയ വ്യവസായശാലകളും, റെയിൽവേകളും, മററും നിൎമ്മിച്ചു രാജ്യത്തിന്റെ സ്വരക്ഷാശക്തിയെ ദൃഢപ്പെടുത്തുന്നു.

### വ്യവസായീകരണം

സാറിന്റെ കാലത്തെ റഷ്യൻ സാമ്പത്തികനില വളരെ മോശമായിരുന്നു. ഒന്നാമത്തെ ലോക മഹായുദ്ധം വ്യവസായത്തിന്നു് വളരെ ഗൌരവമായ പ്രതിബന്ധം ഉണ്ടാക്കിത്തീൎത്തു. വ്യവസായോല്പാദനം ആ യുദ്ധത്തിന്നു മുൻപുണ്ടായിരുന്നതിൽനിന്നു എത്രയോ കുറഞ്ഞു. ഇം

(ശേഷം 12-ാം പേജിൽ)

# നാം യുദ്ധമനസ്ഥിതിയുള്ളവരാണോ?

(ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ, മേ മാസം 25-ാം തിയ്യതി മദിരാശിയിലെ പ്രക്ഷേപിണി കേന്ദ്രത്തിൽ ചെയ്ത ഇംഗ്ലീഷ് പ്രസംഗത്തിന്റെ തർജ്ജമ)

ഈ ചോദ്യത്തിന്നു "അല്ല" എന്നു മറുപടി പറയുവാനാണ് ആദ്യം എനിക്കു തോന്നുന്നത്. അതിന്നുള്ള കാരണങ്ങളെന്തെന്ന് നിങ്ങൾ ചോദിച്ചേക്കാം. എന്റെ പ്രഭാഷണത്തിന്നിടയിൽ നിങ്ങൾക്കു അതു മനസ്സിലാകും. മദിരാശി പട്ടണത്തെത്തന്നെ ഉദാഹരണമായെടുക്കാം. വീഥിവിളക്കുകളിൽ തൂക്കിയിരിക്കുന്ന മറകളും, അപ്പോഴപ്പോഴായി മണ്ണെണ്ണക്കും വിറകിന്നും നേരിടുന്ന ക്ഷാമം നിമിത്തമുള്ള അസ്വാസ്ഥ്യവും, എ. ആർ. പി.ക്കാരുടെ അപകട പരിശീലനങ്ങളും, റോഡുകളിൽ കാണുന്ന പട്ടാളക്കാരും അവരുടെ ലോറികളും ഒഴിച്ചാൽ; മദിരാശിയിലെ ജീവിതം പഴയപടിതന്നെയെന്നു പറയാം. ജീവിതോപകരണങ്ങൾക്ക് വില വളരെ കയറിയിട്ടും പട്ടണത്തിലെ ഭോജനശാലകളും സിനിമാ ഹാളുകളും മുൻപിലത്തെപ്പോലെതന്നെ ജനനിബിഡമായിക്കാണപ്പെടുന്നു. എ. ആർ. പി. അധികൃതരുടെ താക്കീതുകളിരുന്നിട്ടും, രാത്രിയിൽ വളരെ താമസിച്ചും, ഇരുട്ടത്തും, സ്ത്രീകളും പുരുഷന്മാരും ചേർന്ന സംഘങ്ങൾ നിരത്തുകളിൽക്കൂടി സഞ്ചരിക്കുന്നുണ്ട്. പക്ഷക്കണക്കിനു വരുന്ന ചന്ദ്രൻ ആഹ്ലാദം വർദ്ധിപ്പിക്കാൻ പ്രേരകമായുമിരിക്കുന്നു.

ജനങ്ങളിൽ കാണുന്ന ഈ അനാസ്ഥയ്ക്കു കാരണം ആരായേണ്ടിയിരിക്കുന്നു. നാം ജന്മനാ തത്വചിന്തകന്മാരാണ്. അനവധി നൂറ്റാണ്ടുകളായി, നാം ജീവിക്കുന്ന ലോകത്തെ സ്വാധീനമാക്കാൻ ശ്രമിക്കുന്നതിന്നു പകരം പരലോകപ്രാപ്തിക്കായി പ്രയത്നിച്ചുകൊണ്ടുവന്ന നമ്മുടെ തത്വചിന്ത, ഇന്നും നമ്മുടെ പൈതൃകസ്വത്തായി അവശേഷിക്കുന്നു. പക്ഷെ, നാം, നമ്മിൽ ഏതാനും പേരെങ്കിലും, തത്വചിന്തകന്മാരിൽ നമ്മുടെ ഭാവിയെ ഭരമേല്പിക്കുവാൻ തയ്യാറാണോ എന്ന് ഞാൻ സംശയിക്കുന്നു. "പശു കുത്താൻ വരുമ്പോൾ പഞ്ചാക്ഷരം ജപിച്ചാൽ മതിയോ?" എന്നുള്ള ചൊല്ലുതന്നെ ഈ തത്വചിന്താവീക്ഷണത്തിന്റെ നിഷ്പ്രയോജനത തെളിയിക്കുന്നു.

അതിരുകവിഞ്ഞുള്ള ഈ വേദാന്ത ചിന്തയോടു നമ്മുടെ പൂർവ്വികന്മാർതന്നെ എതിർത്തിട്ടുണ്ട്. അതിന്നു വേണ്ടത്ര പ്രചുരപ്രചാരം സിദ്ധിച്ചിട്ടില്ലെന്നേയുള്ളൂ. അങ്ങിനെയിരിക്കെ, ലോകത്തിനെ ആകമാനം ബാധിക്കുന്നതായ പല ആശയഗതികളും, സ്വമേന്മക്കായി അന്യോന്യം പോർചെയ്തുകൊണ്ടിരിക്കുന്ന വിവിധ യുദ്ധരംഗങ്ങളിൽ, എന്താണ് സംഭവിക്കുന്നതെന്നതിനെക്കുറിച്ചുള്ള നമ്മുടെ ശ്രദ്ധ ഇത്ര മന്ദീഭവിച്ചുകാണുന്നതു വിധിപോലെ വരട്ടെ എന്ന വിചാരമൊ അഥവാ നിരാശയുടെ ഫലമോ? അതായിരിക്കാനിടയില്ല. എങ്കിൽ, യുദ്ധകാര്യനിധിക്കുവേണ്ടിയുള്ള അഭ്യർത്ഥനകൾക്കു ഇത്ര ഉദാരമായ സംഭാവനകളുണ്ടാവുകയില്ല. ഇനി പടയ്ക്കു നാം പിന്നോക്കമാണോ? ഒരിക്കലുമല്ല. ഒരു തിപ്പൊരി മതി വലിയ അഗ്നിബാധയുണ്ടാകുവാനും പൊട്ടലിന്നും, ഭൂഗർഭ വിപ്ലവത്തിന്നും. നമ്മുടെ സമരചാതുര്യത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങൾ ആസ്സാമിലെയും ഇറ്റലിയിലേയും സമരമുഖങ്ങളിൽ കാണാം. പിന്നെ സഖ്യശക്തികൾ യുദ്ധംചെയ്യുന്ന "പൊതുതാല്പര്യ"ത്തിലുള്ള വിശ്വാസക്കുറവാണോ യൂറോപ്പിലും ഏഷ്യയിലുമുള്ള സമരമുഖങ്ങളിൽനടക്കുന്ന ദുരന്തനാടകങ്ങൾ ഉദാസീനതയോടെ നോക്കി നില്ക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ഈ സംഗതിയെപ്പറ്റി ചില നിരൂപണങ്ങൾ ആവശ്യമായേക്കാം. ഇതിനകം ശത്രുവിന്റെ ഉദ്ദേശങ്ങളെയോ ആദർശങ്ങളേയോപറ്റി യാതൊരു തെറ്റിദ്ധാരണയും ഉണ്ടാകാതിരിക്കാൻ വേണ്ടുവോളം അവരുടെ രീതികളും, മനോഭാവങ്ങളും നാം മനസ്സിലാക്കികഴിഞ്ഞിട്ടുണ്ട്. ആദിയിൽ സംശയിച്ചു നിന്നിരുന്ന പലരും ഇപ്പോൾ ഈ പൊതുതാല്പര്യത്തിൽ ദൃഢവിശ്വാസികളും സഹായികളുമായിത്തീർന്നിട്ടുണ്ട്. എങ്കിലും, ശത്രുക്കൾ ചെയ്തിട്ടുള്ളതിന്നനുസരിച്ചു വേണ്ടുവോളം പ്രചരണം നാം ചെയ്തിട്ടുണ്ടെന്നു മനഃസാക്ഷിപൂർവ്വം നമുക്കു പറയാൻ കഴിയുകയില്ല.

മനുഷ്യൻ ഒരു പോരാളിയായാണ് ലോകത്തിൽ ജീവിക്കുവാനാരംഭിച്ചത്. ആദ്യകാലത്തു സ്വരക്ഷക്കും, ആഹാരത്തിന്നും വേണ്ടി അവൻ ക്രൂരമൃഗങ്ങളോടു യുദ്ധം ചെയ്തിരുന്നു. വർഗ്ഗസംഘടനകളുണ്ടായപ്പോൾ കിടമത്സരവും അസൂയയും സമര വാസന വളർത്തിക്കൊണ്ടുവന്നു. സമുദായം രൂപപ്പെട്ടതോടുകൂടി ഭാരവാഹിത്വവിനിയമനം വേണ്ടിവരികയും, അതു സമുദായത്തിന്റെ അസ്ഥിവാരമാകയും ചെയ്തു. യുദ്ധം ഒരു പ്രത്യേക വർഗ്ഗക്കാരുടെ തൊഴിലായിത്തീർന്നു. ഹിന്ദുക്കളുടെ ഇടയിൽ കാണുന്ന വർണ്ണാശ്രമധർമ്മം ഈ തത്വം വെളിപ്പെടുത്തുന്നുണ്ട്. മറ്റു രാജ്യങ്ങളിലും ഇങ്ങിനെയുള്ള വ്യവസ്ഥകളുണ്ട്. പക്ഷെ പേരും മറ്റും വ്യത്യാസപ്പെട്ടിരിക്കും. മറ്റു വർഗ്ഗങ്ങൾ ശാന്തരായി വേറെ ഉപജീവനമാർഗ്ഗങ്ങൾ നോക്കിപ്പോന്നു.


ഒരമേരിക്കൻ മാസികയിൽ അതിന്റെ കുറച്ചു മുമ്പുള്ള ലക്കത്തിൽ, ജർമ്മനിയിൽ ലോകയുദ്ധങ്ങൾക്കു വഴിയുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു സംഘമുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആ ലേഖകന്റെ അഭിപ്രായപ്രകാരം ആ സംഘത്തെ ഉന്മൂലനം ചെയ്യല്ലാതെ ഈ യുദ്ധം അവസാനിച്ചാലും ലോകത്തിൽ സമാധാനമുണ്ടാകയില്ലെന്നാണ്. ഒരു തലമുറയ്ക്കുള്ളിൽ രണ്ടു യുദ്ധമുണ്ടാക്കിയവർ അധികം താമസിക്കാതെ മറ്റൊന്നുകൂടി നമുക്കു സമ്മാനിച്ചേക്കാം. ജാപ്പാനിലെ സ്ഥിതി അതേ പരിണാമത്തെയാണ് കുറിക്കുന്നത്. ഒരു തലമുറയ്ക്കു മുമ്പു ആസ്യയിൽ സമാധാനഭംഗമുണ്ടാക്കിയ റഷ്യ-ജാപ്പാൻ യുദ്ധം ജാപ്പാനെ സമരവീഥിയിലേക്കു നയിച്ചു, സൈനികഭരണം സ്ഥിരമാക്കാനുള്ള ശ്രമവും അവിടെ കാണുന്നുണ്ട്. ലോകാധിപത്യത്തിന്ന് ജർമ്മനിയും ജാപ്പാനും കൂടി മത്സരിക്കയാണിപ്പോൾ. ഇനി ഗുരുവാര്, ശിഷ്യനാര് എന്ന സംഗതി തീർച്ചപ്പെടുത്താനാണ് പ്രയാസം. വിഷയത്തിലേക്കു വീണ്ടും പ്രവേശിക്കാം. ലോകചരിത്രത്തിൽ ഒരു ഘട്ടത്തിലും മനുഷ്യൻ യുദ്ധം ഉപേക്ഷിച്ചതായോ, അതിൽനിന്നു വിരമിച്ചതായോ കാണുന്നില്ല. യുദ്ധം ചെയ്തുകൊണ്ടിരുന്ന രാഷ്ട്രക്കാർ സർവ്വലോകകാര്യങ്ങളിൽ മുമ്പും പിമ്പും വ്യഹിച്ചതായും മറ്റുള്ളവർ ക്രമേണ അധഃപതിച്ചതായും അതേ ചരിത്രം തെളിയിച്ചിട്ടുണ്ട്. സാമ്രാജ്യങ്ങളെല്ലാം അനവധി കാലം നീണ്ടുനിന്ന യുദ്ധങ്ങളുടെ സന്താനങ്ങളാണ്. അവ എത്രകാലം നിലനിന്നുവെന്ന കാര്യത്തിൽ നാം ഇപ്പോൾ ക്ലേശിക്കേണ്ടതില്ല. എന്നാൽ അവ ചിതറിപ്പോയതിന്നു കാരണങ്ങൾ വേറെയാണെന്ന് ഓർക്കേണ്ടിയിരിക്കുന്നു. ലോകചരിത്രം പഠിപ്പിക്കുന്ന ഈ ഗൌരവമേറിയ പാഠം തത്വജ്ഞാനികളായ നമ്മെ ഔദാസീന്യനയത്തിൽനിന്ന് പിന്തിരിപ്പിക്കേണ്ടതാണ്. വർണ്ണാശ്രമധർമ്മം നമ്മുടെ സമരവാസന നശിപ്പിച്ചിട്ടുണ്ടെങ്കിൽ, ആ സമ്പ്രദായം ദൂരെയെറിഞ്ഞു ആധുനിക പരിതഃസ്ഥിതികളനുസരിച്ചു നമ്മുടെ സമുദായ സംഘടന പരിഷ്കരിച്ചു നമ്മെ പുരുഷന്മാരാക്കാൻ ശ്രമിക്കേണ്ടതാണ്.

അഭൂതപൂർവ്വമായ കഷ്ടനഷ്ടങ്ങളുണ്ടാകുന്ന ഈ ഭയങ്കര യുദ്ധത്തിൽ ഒരു വ്യക്തിയോ ഒരു സമുദായമോ അതു കണ്ടുംകൊണ്ടിരുന്നുകൂടാ. എന്നുതന്നെയല്ല, നാം ഓരോരുത്തരും തന്നാലാവുന്നവിധം 'പൊതുതാല്പര്യ'ങ്ങൾ നിറവേറ്റാൻ പരിശ്രമിക്കയും വേണം.

യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന ജനതയുടെ ഇടയിൽ സമാധാനത്തെപ്പറ്റി സംസാരിക്കുന്നതോ, സദാചാരത്തെപ്പറ്റി പ്രസംഗിക്കുന്നതൊ വെറുതേയാണ്. ഇങ്ങോട്ടു കയറി വല്ലവരും യുദ്ധത്തിന്നു വരുമ്പോൾ നമ്മുടെ മാനവും സ്വാതന്ത്ര്യവും—ഇവ ഇപ്പോഴും വിലയേറിയ നേട്ടങ്ങളായിട്ടാണിരിക്കുന്നതു—പരിപാലിക്കാൻ ചെറുക്കാതെയും തരമില്ല. പരിഷ്കാരം കൂടുംതോറും യുദ്ധവും വിഷമമായിട്ടാണ് പരിണമിക്കുന്നത്. പണ്ട് യുദ്ധപോക്കളത്തിനുള്ളിൽ ഒതുങ്ങിയിരിക്കുന്നു, ഇപ്പോഴാകട്ടെ സമരമുഖങ്ങൾ അനവധിയുണ്ട്. ഭടന്മാർ യുദ്ധഭൂമിയിലിറങ്ങുമ്പോൾ മറ്റുള്ളവർ; ശാസ്ത്രജ്ഞന്മാർ, വിദ്യാഭ്യാസവിദഗ്ദ്ധന്മാർ, രാഷ്ട്രീയതന്ത്രജ്ഞന്മാർ, ഭരണതന്ത്രജ്ഞന്മാർ ഇവർ മറ്റു സമരമുഖങ്ങളിൽ 'വാഫ്ലോരി'ൽ ഏർപ്പെടുന്നു.

യുദ്ധം കൊണ്ടുണ്ടാകുന്ന ഭയങ്കരകഷ്ടങ്ങളെ എല്ലാവരും വെറുക്കുന്നുണ്ടെങ്കിലും യുദ്ധം വർജ്ജ്യമാണെന്നു ആരും പറഞ്ഞു കാണുന്നില്ല. നമ്മുടെ മനോഭാവങ്ങളും, പക്ഷപാതങ്ങളും നിലനില്ക്കുന്ന കാലത്തോളം, സംഘടിത ജീവിതത്തിന്റെ ഒരംഗമായി യുദ്ധത്തിനേയും കരുതാവുന്നതാണ്. നമ്മുടെ പരിഷ്കാരവും, അർത്ഥശാസ്ത്രഗതിയും ഇ പ്രകാരമാണെങ്കിലും, ആധിപത്യത്തിന്നും, പ്രത്യേകാവകാശങ്ങൾക്കും ഇങ്ങിനെ പലതിന്നുമായി യുദ്ധമുണ്ടാകുന്നതാണ്. സമാധാനംകൊണ്ടുള്ള പൊറുക്കാഴ്ക മനുഷ്യന്റെ മാനസികവും ശാരീരികവും ആയ പല ശക്തികളേയും മന്ദീഭവിപ്പിക്കുന്നു. അവ യുദ്ധവേളയിലാകട്ടെ, ഉജ്ജ്വലിക്കുകയും ചെയ്യുന്നു.

# ലണ്ടനിൽ നടന്ന സാമ്രാജ്യ മന്ത്രി സമ്മേളനം



സാമ്രാജ്യ മന്ത്രിമാരുടെ സമ്മേളനത്തിന്നുശേഷം ചൎച്ചിലും ക്യാബിനററു അംഗങ്ങളും സാമ്രാജ്യമന്ത്രിമാരും ചേൎന്നെടുത്ത ഫോട്ടോ

'Stopford Brooke' എന്ന ഗ്രന്ഥകാരൻ തന്റെ 'യുദ്ധത്തെപ്പററിയുള്ള ഒരു വിചിന്തന'ത്തിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു :

"കുടുംബമാനത്തിന്നും രാജ്യത്തിന്റെ ക്ഷേമത്തിന്നുംവേണ്ടി മരണംവരെ പോരാടുക. അങ്ങിനെ ചെയ്യുന്നതു മാനമാണെന്നും, അതിൽനിന്നൊഴിയുന്നതു അവമാനമാണെന്നും വിചാരിക്കുക. അതിന്നുവേണ്ടി എല്ലാം ഉപേക്ഷിക്കാൻ തെയ്യാറാവുക. ഇതെല്ലാം ശരിയായ ഒരു പരിശുദ്ധ യുദ്ധമാണ്. അതിനെപ്പററി ഒരു വിചാരമൊ വികാരമൊ മനസ്സിനെ ഉയൎത്താതിരിക്കുന്നില്ല. ഇതു യുദ്ധം ചെയ്യുന്നവൎക്കു മാത്രമല്ല, ഇങ്ങിനെ സ്വരക്ഷാനയം പാരംപൎയ്യമായി വന്ന എല്ലാവൎക്കും ബാധകമാണ്. അതിന്റെ സ്മരണ തന്നെ ആവേശം ജനിപ്പിക്കുന്നു, പഠിപ്പിക്കുന്നു. അഭിമാനം ജനിപ്പിക്കുന്നു."

"അഞ്ചുകൊല്ലത്തെ യുദ്ധത്തിന്നു ശേഷം ചൈന" എന്ന ഗ്രന്ഥത്തിലും ഈ ആശയം തന്നെ വെളിവാക്കീട്ടുണ്ടു്:

"സമാധാനം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ജനതയുടെ പൌരുഷം പ്രകടമാകുന്നില്ല. യുദ്ധത്തിലാകട്ടെ, അതു പൂൎണ്ണദീപ്തിയോടെ പ്രകാശിക്കുന്നു. പ്രത്യേകിച്ചും കയ്യേററത്തിന്നു എതിരായി, കാലാകാലംകൊണ്ടു സമ്പാദിച്ചിട്ടുള്ളവയും മനുഷ്യഹൃദയത്തിൽ ഒട്ടിപ്പിടിച്ചു കിടക്കുന്നവയും ആയ ഗുണോൽകൎഷങ്ങളേയും നിലനിൎത്താനുള്ള യുദ്ധമാണെങ്കിൽ."

ഈ അഭിപ്രായങ്ങൾ ആലോചനക്രൂടാതെ ഉച്ചരിച്ചവയല്ല. ലോകം മായയല്ല, വാസ്തവമാണ്, എന്നു കരുതുന്ന വലിയ ചിന്തകന്മാരുടെ ഹൃദയങ്ങളിൽനിന്നു പുറപ്പെട്ടവയാണ്. അവരുടെ ആശയഗതിയനുസരിച്ചു നാം പ്രവൎത്തിക്കേണ്ടതാണ്. അതുകൊണ്ടു യുദ്ധം—നമ്മുടെ പരമ്പരസമ്പാദ്യത്തിൽ മികച്ചവയെ രക്ഷിക്കുവാൻവേണ്ടി ചെയ്യുന്ന യുദ്ധം—ഒരു പാപമല്ലാ, ഒരു ധൎമ്മമാണ്. അതിന്റെ ലംഘനം കടുത്ത ശിക്ഷയെ അൎഹിക്കുന്നതുമാണ്. പാവനമായ കാൎയ്യങ്ങൾക്കുവേണ്ടി ചെയ്യുന്ന യുദ്ധത്തിൽനിന്നു ഒഴിവായി നില്ക്കുന്നതാണ് അധ:പതനവും, ജീവന്മരണവും. ഞാൻ അധിവസിക്കുന്ന തെക്കെ ഇന്ത്യയുടെ ഭാഗം യുദ്ധത്തെ ഒരുകാലത്തു ഒരു കലയായി പരിശീലിച്ചിരുന്നു.

കിഴക്കും പടിഞ്ഞാറും ലോകവ്യവഹാരത്തിൽ 'കാടൻ മട്ട്' വീണ്ടും പടൎത്താനുള്ള ഒരു ശ്രമം കാണുന്നുണ്ടു്. സംസ്കാരവും മാനവും ഉള്ള നാം, നമ്മുടെ സ്വാധീനത്തിലുള്ള സകല ശക്തികളും ഉപയോഗിച്ചു് അതിനെ തടുക്കുന്നതു് നമ്മുടെ മുറയായും പ്രത്യേകാവകാശമായും കരുതേണ്ടതാണ്. 'തന്നിലെളിയതു് തനിക്കിരയാക്കാനും' അതു പരിഷ്കരിക്കാനാണെന്നു് ലോകത്തെ ധരിപ്പിക്കാനും ആൎക്കും അവകാശമില്ല. മുസ്സോലിനി അബിസീനിയയെ പരിഷ്കരിച്ചതു് എങ്ങിനെയാണെന്നു നമുക്കു മനസ്സിലായി. അദ്ദേഹത്തിന്റെ അച്ചുതണ്ടു സ്നേഹിതന്മാരെപ്പററി ദു:ഖാനുഭവംമൂലം അറിഞ്ഞേടത്തോളം അവരുടെ പെരുമാററവും അതിലധികം ഭേദമാകുമെന്നു വിചാരിച്ചുക്രൂടാ. ഓരോ സമരമുഖങ്ങളിലും നമുക്കു ചുററും നടക്കുന്ന കാൎയ്യങ്ങളിൽ നാം അധികം ശ്രദ്ധ പതിക്കയും, അനാശാസ്യപരിശ്രമങ്ങളെ വിഫലമാക്കാൻ നമ്മെക്കൊണ്ടു് കഴിയുന്നതു് ചെയ്കയും വേണം. സമരമുഖങ്ങൾക്കു പുറമെ, പ്രചരണം, സംഘടന, റെഡ്ക്രോസ് എന്നീ പരിശ്രമമുഖങ്ങൾ വേറെയുമുണ്ടു്. നമ്മുടെ വയസ്സും സ്ഥിതിയും അനുസരിച്ചു് ഇതിലെല്ലാററിലും ചേൎന്നു്, സഹകരണവും സഹായവുമില്ലാത്തതുകൊണ്ടു് മേല്പറഞ്ഞ സ്ഥാപനങ്ങൾ, ഉപയോഗശൂന്യമാക്കാതിരിക്കാൻ നാം ശ്രദ്ധിക്കയും വേണം. ഇന്ത്യയിലെ കോടാനകോടി ജനങ്ങൾ ഇങ്ങിനെയൊരു മഹാപരിശ്രമത്തിൽ യോജിക്കുന്നതായാൽ, യുദ്ധാനന്തരലോകത്തിൽ നമ്മുടെ അഭിപ്രായത്തിന്നു വേണ്ട വിലയുണ്ടാകും. ഈ ലോകയുദ്ധം ഐക്യകക്ഷികളുടെ വിജയത്തിൽ കലാശിക്കാനായി ഏൎപ്പാടു ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കെല്ലാം നമ്മുടെ സഹായസഹകരണങ്ങളുണ്ടെന്നുവന്നാലേ, നാം യുദ്ധമനസ്ഥിതിയുള്ളവരാണെന്നു പറഞ്ഞുക്രൂടു. നമ്മുടെ പെരുമാററം പ്രതീക്ഷക്കനുകൂലമല്ലെങ്കിൽ, നമുക്കു കൃത്യബോധമില്ലെന്നു വരാമെന്നുമാത്രമല്ല, നാം നമ്മെയും നമ്മുടെ രാജ്യത്തേയും വഞ്ചിക്കുന്നതായി കരുതുന്നതുമാണ്.

നമ്മുടെ ഇടയിൽ ആശയഗതി, വീക്ഷണരീതി, സ്വഭാവം എന്നീ സംഗതികളിൽ വ്യത്യാസമുണ്ടെന്നു ഞാൻ സമ്മതിക്കുന്നുണ്ടു്. പല വൎഗ്ഗവകുപ്പുകളിലുൾപ്പെട്ടവരും, ഭിന്നഭാഷ സംസാരിക്കുന്നവരുമായ പലരും നിവസിക്കുന്ന ഒരു വലിയ രാജ്യമാണ് ഇന്ത്യ. ഈ അവശതകൾ നമ്മെ അകററി നിൎത്തുന്നുണ്ടെന്നുള്ളതും പരമാൎത്ഥമാണ്. ഈ ഘട്ടത്തിൽ ചൈനയിലേയും റഷ്യയിലേയും, സ്ഥിതി നാം ആലോചിക്കേണ്ടതുണ്ടു്. അവരുടെ വൎഗ്ഗ്യവും ഭാഷാസംബന്ധവുമായ പ്രശ്നങ്ങളെല്ലാം അവരുടെ നേതാക്കന്മാർ ഒതുക്കി കഴിഞ്ഞിരിക്കുന്നു. കുഴപ്പങ്ങൾ നിറഞ്ഞിരുന്ന അവരുടെ രാജ്യങ്ങളിൽ ഇപ്പോൾ ഐകമത്യവും ഘടനാദാൎഢ്യവും വിളയാടുന്നു. നമ്മുടെ വിഷമങ്ങളും, തീൎക്കാനും തരണം ചെയ്യാനും സാധിക്കാത്തവയല്ല. പക്ഷെ അവയെപ്പററി ആലോചിക്കുന്നതിന്നു മുമ്പായി താല്ക്കാലികമായ ആപത്തു തട്ടിനീക്കേണ്ടതുണ്ടു. യുധിഷ്ഠിരൻ ഉപദേശിച്ച ഒരു രാഷ്ട്രീയതത്വം ഈ ഘട്ടത്തിൽ നാം സ്മരിക്കുന്നതു ശ്രേയസ്കരമായിരിക്കും: "അന്യനായ ഒരു ശത്രു നമ്മെ ആക്രമിക്കുമ്പോൾ നാം നൂററഞ്ചാണെന്നു കരുതണം. നാം തമ്മിലുള്ള വിരോധങ്ങളിൽ നാം അഞ്ചും, അവർ നൂറുമാണ്."

- ശുഭം -

ഒരു ചെറുകഥ

# ദ്രോഹികൾ

(ശ്രീ കെ. ജി. നായർ)

## I

അസ്തമനാർക്കൻ തന്റെ ചെങ്കതിർപ്രഭയാൽ ലോകത്തെ കനകമയമാക്കികൊണ്ടു മന്ദംമന്ദം സമാധിയടയുന്നു. അനില ഭഗവാൻ കുളിർതെന്നൽ വീശി ലോകത്തെ പുളകിതമാക്കുന്നു.

അന്ധകാരനിബിഡമായ മലംചരുവിൽ നിന്നു ദുഷ്ടദേവത എന്നു തോന്നുമാറു്, കുഴിഞ്ഞുതാണ കണ്ണുകളോടും, വിളറിമങ്ങിയ മുഖത്തോടും കൂടി; വലത്തു കയ്യിൽ ഒരു പിച്ചളപാത്രവുമായി, ചിന്നിച്ചിതറിയ കചഭാരത്തെ ഒതുക്കിയും, ആരെയോ കാണുവാനെന്നപോലെ ഇടക്കിടക്കു പുറകോട്ടു തിരിഞ്ഞുനോക്കിയും, ഭയവിഹ്വലയായി ഒരു ബാലിക യാത്ര തുടരുന്നു.

നാലുപുറവും കുന്നുകളാൽ ചുററപ്പെട്ടതും മനുഷ്യവാസമില്ലാത്തതുമായ ആ മരുപ്രദേശത്തു ഉണങ്ങി വരണ്ട "ക്രൂപ്പൻ" പുല്ലുകളല്ലാതെ മററു യാതൊന്നും കാണുവാനുണ്ടായിരുന്നില്ല.

ലോകമെങ്ങും നിശബ്ദത. ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് മലംചരുവിൽനിന്നും ഒരു ശബ്ദം ആകാശത്തിൽ ഉയരുന്നു. ഹാൾട്ട്!

അവൾ ഞെട്ടി, "അയ്യോ! അമ്മേ! ദ്രോഹികൾ! അവർ ഇവിടെയും വന്നുകഴിഞ്ഞു" എന്നുള്ള നിലവിളിയോടു നിലം പതിച്ചു.

(തൽക്ഷണം ആയുധപാണികളായ ഏതാനും ഭടന്മാർ മലയിടുക്കിൽനിന്നും അന്ധകാരത്തിലൂടെ ഓടി എത്തുന്നു.)

ഒരുവൻ: ചിരിച്ചു, ബോധം തീരെയില്ല, വേഗം എടുക്കുവിൻ.

(മറെറാരുവൻ, ബാലികയെ പുഷ്പംപോലെ തൂക്കി തന്റെ തോളിൽ വഹിച്ചു. എല്ലാവരും ഓടി മറയുന്നു.)

ബാലിക ഇടക്കിടക്കു അമ്മാ! അമ്മാ! എന്നു ക്ഷീണസ്വരത്തിൽ സ്വപ്നത്തിലെന്നപോലെ വിളിക്കുന്നുണ്ടായിരുന്നു.

രണ്ടാമൻ: അഹാ! എന്തൊരു കഷ്ടം! ഇവൾ അമ്മാ! അമ്മാ! എന്നു നിലവിളിക്കുന്നു. ഇവളുടെ അമ്മ എവിടെയോ കിടന്നു വെള്ളം കുടിക്കാതെ മരിച്ചിട്ടുണ്ടാകും. ഇതേമാതിരി എത്രയോ ജനങ്ങൾ റോഡിൽ കിടന്നു മരിച്ചു തങ്ങളുടെ ജഡത്തെ നരികൾക്കിരയാക്കിയിരിക്കാം. എന്തൊരു കഷ്ടം! ദുഷ്ടർ, ആ ജപ്പാൻകാരെ, ഒടുക്കുന്നതുവരെ ലോകത്തിനു സമാധാനമുണ്ടാകുന്നതല്ല. പാവം, കൊച്ചുകുട്ടി! ഇവൾ എങ്ങിനെ ഇവിടെ എത്തി? ഭഗവാൻ കൊണ്ടുവന്നു് എത്തിച്ചിരിക്കും. ഇനിയുമിവൾക്കു കഷ്ടമില്ല.

മൂന്നാമൻ: (ഒരു ഗുഹ ചൂണ്ടികാണിച്ചുകൊണ്ടു) ആ ബങ്കറിൽ കൊണ്ടുചെന്നു കിടത്തു എന്നു പറഞ്ഞു.

ഭംഗിയായും വിശാലമായും കെട്ടപ്പെട്ട ആ ബങ്കറിൽ ഒരു ഭാഗത്തായി ഒരു സ്ട്രെച്ചറും, ഒന്നുരണ്ടു കുപ്പികളും, ചുമന്ന പെയിൻറിൽ കുരിശിന്റെ ആകൃതി വരച്ചിട്ടുള്ള ഒരു തുകൽ പെട്ടിയും, വെയ്ക്കപ്പെട്ടിരുന്നു.

രണ്ടാമൻ സ്ട്രെച്ചർ വലിച്ചിട്ടു അതിൽ അവളെ കിടത്തി, തന്റെ അരയിൽ കെട്ടിയിരുന്ന വാട്ടർ ബോട്ടിലിൽനിന്നും തുണിയിൽ വെള്ളം നനച്ചു അവളുടെ മുഖത്തു മന്ദംമന്ദം തടവി. ഉറക്കത്തിൽനിന്നെന്നപോലെ അവൾ ഞെട്ടി ഉണർന്നു. നാലുപാടും തുറിച്ചുനോക്കി; തന്റെ സമീപത്തായി മദ്ധ്യവയസ്കനും സുന്ദരനുമായ ഒരു യുവാവും ഏതാനും ഭടന്മാരും തന്നെനോക്കി നില്ക്കുന്നതായി മങ്ങിയ വെളിച്ചത്തിൽ അവൾക്കു കാണാമായിരുന്നു.

അവൾ ഒന്നു ഞെട്ടി.

യുവാവു്: അമ്മാ! ഭയപ്പെടാതിരിക്കൂ! ഭവതി എന്തിനു ഭയപ്പെടുന്നു? ഭവതിയുടെകൂടെ വേറെ ആരുണ്ടു്? എങ്ങിനെ ഇവിടെ വന്നു? എല്ലാം വിശദമായി പറയൂ.

അവളുടെ നയനങ്ങളിൽ ബാഷ്പം നിറഞ്ഞു. എന്റെ അമ്മാ എന്നു വിങ്ങലോടെ പറഞ്ഞു.

യുവാവു: (ആശ്ചര്യപ്പെട്ടു) എന്തു? അമ്മയോ? അവർ എവിടെ?

ബാലിക: വഴിയരുകിൽ ആ മൈതാനത്തിൽ.

യുവാവു്: ഭവതി തനിച്ചു ഇവിടെ എങ്ങിനെ വന്നു?

ബാലിക: എന്റെ അമ്മക്കു വെള്ളം . . . (അവൾ തൊണ്ട ഇടറി, ഗൽഗദസ്വരത്തിൽ പറഞ്ഞു.)

യുവാവു്: ഭവതി! അമ്മ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ?

ബാലിക: ഉണ്ടു്.

യുവാവു്: അയ്യോ! ജഗദീശാ! അവരുടെ ഗതിയിപ്പോൾ എന്തായിരിക്കും. ഏതായാലും ഞാൻ പോയി അന്വേഷിച്ചിട്ടുവരാം.

സിംഗ്: ഈ ബാലികയെ നോക്കികൊള്ളൂ, അവളുടെ മനസ്സിനെ വേദനപ്പെടുത്താതേ. ഞാൻ ഇപ്പോൾ തിരിച്ചുവരാം (എന്നു പറഞ്ഞുകൊണ്ടു ഗുഹയിൽനിന്നും വെളിക്കിറങ്ങി ഒരു മജ്ജാരനെപ്പോലെ അന്ധകാരത്തിൽ മറഞ്ഞു)

സിംഗ്: കുഞ്ഞേ! നീ എവിടുന്നു വരുന്നു, നിന്റെ പേരെന്തു്?

ബാലിക: ബർമ്മായിൽ നിന്നും; പേരു സതി.

സിംഗ്: ഹാ! എന്തൊരു നല്ല പേരു? പേരിനൊത്ത സൌന്ദര്യം. അതിനൊത്ത കഷ്ടവും, ആകട്ടെ, നിന്റെ അച്ഛനും അമ്മയും എവിടെ?

സതി: അച്ഛൻ മരിച്ചുപോയി.

സിംഗ്: എവിടെ വെച്ചു?

സതി: ജപ്പാൻകാരുടെ കയ്യിൽപ്പെട്ടു. (അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു)

സിംഗ്: അമ്മയോ?

സതി: ആ മൈതാനത്തിൽ കിടക്കുന്നു. അയ്യോ വെള്ളം, വെള്ളം, മകളേ! ഞാനിപ്പോൾ ചാവും. കുറച്ചു വെള്ളം. സതീ! കുറച്ചു വെള്ളം ഞാനിപ്പോൾ . . . എന്നു നിലവിളിക്കുന്ന അമ്മയോടു, കരയാതിരിക്കൂ, ഞാൻ പോയി വെള്ളം കൊണ്ടുവരാം, ഒരു നിമിഷത്തിൽ, എന്നു പറഞ്ഞു പിരിഞ്ഞതാണു് ഞാൻ. (അവളുടെ നയനങ്ങളിൽ നിന്നു, അശ്രുഗണങ്ങൾ ധാരധാരയായി ഒഴുകി. അവൾ വാവിട്ടു നിലവിളിക്കുന്നു.)

ഒരു ഭടൻ: (ഓടിവന്നു) സിംഗ്, സിംഗ്! ഹവിൽദാർ സാർ എവിടെ? ശത്രുക്കൾ ക്യാമ്പു് വളഞ്ഞുകഴിഞ്ഞു. ഹവിൽദാർ എവിടെയോ എന്തോ? ഇനിയും ഒരു ഗതിയും ഇല്ല. നാടെങ്ങും നിശബ്ദത. നാലു വശത്തുനിന്നും ഗും, ട്ടും, എന്ന ഹുങ്കാരത്തോടു ഉണ്ടകൾ ഇരച്ചു പായുന്നു.

-ശുഭം-


## എസ്. എസ്. എസ്.

നിങ്ങളുടെ മകൾക്കു കല്യാണമുണ്ടാകും. അപ്പോൾ ഒരു സമ്മാനം കൊടുക്കേണ്ടിയിരിക്കുന്നു.

ദേശീയ സമ്പാദ്യപ്പത്രത്തിൽ പത്തുറുപ്പിക അടച്ചാൽ പന്ത്രണ്ടു കൊല്ലംകൊണ്ടു് പതിനഞ്ചുറുപ്പികയാകും. അതുകൊണ്ടു കുറെ വാങ്ങുക.

ദേശീയ സമ്പാദ്യപ്പത്രം വാങ്ങുക

# പ്രതിജ്ഞ

## (സുഭദ്ര)

### അദ്ധ്യായം V

(തുടർച്ച)

സുഖപാനീയം ആസ്വദിച്ച് ഇംഗ്ലീഷു ചാര പ്രമാണി നിലം പതിച്ചതോടുകൂടിയാണല്ലോ കഴിഞ്ഞ അദ്ധ്യായം അവസാനിച്ചതു്. ക്രമേണ കൈകളും കാലുകളും തളർന്നു, അനങ്ങാൻ വയ്യാതാകുന്നതു് അയാൾക്കനുഭവപ്പെടുന്നുണ്ടു്. “കായേ സീദതി” എന്ന മുറപ്രകാരം ഓരോ അവയവത്തിന്നും ചേഷ്ട കുറഞ്ഞുകുറഞ്ഞുവന്നു. ക്രമേണ ഓർമ്മശക്തിയേയും മദ്യം ബാധിക്കുന്നതാണല്ലൊ. മോഹാലസ്യത്തിന്റെ ലക്ഷണങ്ങളും തുടങ്ങി. തീരെ കെല്പു വിടുന്നതിന്നു മുൻപു വല്ല വിധത്തിലും പുറത്തേക്കു വീണാൽ തന്റെ കാറിലുള്ള സ്നേഹിതനറിഞ്ഞു, പ്രതിവിധികൾ ചെയ്തു നിവൃത്തിയുണ്ടാക്കുമെന്നു് അയാൾക്കു ബോദ്ധ്യമുണ്ടായിരുന്നു. ഈ ബോധത്തോടുകൂടി അയാൾ വാതില്ക്കലേക്കു് ഉരുണ്ടു പോകുവാൻ ശ്രമിച്ചുനോക്കി. അവയവങ്ങളെല്ലാം തന്റേതല്ലെന്നു തോന്നത്തക്കവിധം അത്രമേൽ മരവിച്ചുകൊണ്ടിരിക്കുന്നുവെന്നു അപ്പോഴേ മനസ്സിലായുള്ളു. എന്നാലും ഒരു തീവ്രയത്നം ചെയ്തു തുഴയുവാൻ തുടങ്ങി. നാവു കുഴഞ്ഞിരുന്നതിനാൽ ശബ്ദം പുറപ്പെടുവിക്കുവാനും നിവൃത്തിയുണ്ടായിരുന്നില്ല. ഈ മരണഗോഷ്ഠിക്കിടയിൽ അയാളുടെ കാൽ എവിടേയൊ തട്ടി ഒരു വാതിൽ പെട്ടെന്നു തുറന്നു. അതോടുകൂടിയുണ്ടായ വായുസ്പർശം ഒരു നവോന്മേഷം തളിച്ചു. എന്നാലും പക്ഷവാതക്കാരന്റെ സ്ഥിതിയിൽനിന്നു് വ്യത്യാസമൊന്നുമുണ്ടായില്ല. നടക്കുന്ന കാര്യങ്ങളെല്ലാം അറിയുന്നുണ്ടു്. എഴുനീല്ക്കുവാനൊ സംസാരിക്കാനൊ സാധിക്കുന്നതുമില്ല. തന്റെ ജീവിതം വരുത്തിവെച്ച ശൂന്യത ഓരോ നിമിഷം കൂടുംതോറും വലുതായി തോന്നിത്തുടങ്ങി. കാറേററ സുഖംകൊണ്ടു് ഒന്നുകൂടി ഉരുണ്ടുനോക്കാൻ ഉത്സാഹമുണ്ടായി. എടുത്തു എറിക്കുംപോലെ ഒരിളക്കമുണ്ടായിയെന്നല്ലാതെ, അതെങ്ങോട്ടാണെന്നറിയാതെയായിരുന്നു അയാളുടെ സ്ഥിതി. ഇതിനിടക്കു കാലുകൾ രണ്ടും പുറത്തേക്കു തള്ളിക്കഴിഞ്ഞിരുന്നു. ഒരു കുതികൂടി വളരെ കഷ്ടപ്പെട്ടു പററിച്ചു. അപ്പോഴേക്കു ഒരു മരക്കോണിപ്പടിയിന്മേൽക്കൂടി ഉരുണ്ടു വീഴുന്നതുപോലെ തന്റെ ശരീരമാംസപിണ്ഡം അങ്ങിനെ താഴത്തുള്ള ഒരു തോട്ടത്തിലേക്കു വീണു. താനിരുന്ന മുറിയിൽനിന്നു് തോട്ടത്തിലേക്കു ഒരു കോണിയുണ്ടെന്നു ഇതിന്നു മുൻപു പറഞ്ഞിട്ടുണ്ടു്. ഒരാൾ കോണിയിന്മേൽക്കൂടി ഉരുണ്ടു, താഴത്തുവീണാൽ കുറച്ചു ശബ്ദമുണ്ടാകാതിരിക്കയില്ലല്ലോ. ഈ ശബ്ദം കാറിലുള്ള തന്റെ സ്നേഹിതന്റെ ശ്രദ്ധയെ ആകർഷിച്ചു. അയാൾ, സ്നേഹിതന്റെ തിരിച്ചുവരവിന്നു താമസം കണ്ടപ്പോൾ, ആപൽശങ്കയോടുകൂടി ശ്വാസമടക്കിക്കൊണ്ടിരിക്കുകയായിരുന്നു. എന്തോ കനം കൂടിയ ഒരു സാധനം വീണതുപോലെ ശബ്ദം കേട്ടപ്പോൾ കാറിൽനിന്നു പുറത്തിറങ്ങി തോട്ടത്തിലേക്കു സൂക്ഷിച്ചുനോക്കി. ആരോ ഒരാൾ ഒരു ചെടിയുടെ സമീപമായി വിരണ്ടു കളിക്കുന്നതുപോലെ തോന്നി. ഇരുമ്പുവേലിയിന്മേൽ കൂടി ഉള്ളിലേക്കു ചാടാൻ അയാൾ ശ്രമം തുടങ്ങി. കോട്ടും ട്രൌസറും മുക്കാലും കീറി. ദേഹത്തിൽ അവിടവിടെ മുറിയേററു. എന്നാൽ ആ സാഹസത്തിൽനിന്നു വിരമിച്ചില്ല. ഒടുവിൽ വേലിയുടെ മുകളിലെത്തിയപ്പോൾ കീഴ്പോട്ടു ചാടുകയാണു നല്ലതെന്നു കരുതി ഒരൊററ കുതി കൊടുത്തു. അങ്ങിനെ മറെറാരു ദേഹവും തോട്ടത്തിൽ വീണു.

ഈ ഉയരത്തിൽ നിന്നുള്ള ചാട്ടം സ്നേഹിതന്റെ കൈകാലുകൾക്കു കണക്കിലധികം കോച്ചലുണ്ടാക്കിയെങ്കിലും, തല്ക്കാലസ്ഥിതി ഗൌരവമോർത്തിട്ടു് പെട്ടെന്നെഴുന്നേററു്, കോണിച്ചുവട്ടിൽ വീണതെന്താണെന്നു നോക്കാൻ വേഗത്തിലങ്ങോട്ടോടി. അപ്പോഴാണു തന്റെ സ്നേഹിതൻ മരണസഞ്ചാരത്തിൽ കിടക്കുന്നതു കണ്ടതു്. അയാളെത്തിവലിഞ്ഞു ഒരു ചെടിയുടെ ഇല കൈക്കലാക്കുവാൻ ശ്രമിക്കുന്നതും, അതു കിട്ടാതെ കഷ്ടപ്പെടുന്നതും കണ്ടു. ഉടനെ ആ ഇല ഒരഞ്ചാറെണ്ണം പൊട്ടിച്ചു് അയാളുടെ കയ്യിൽ കൊടുക്കുകയും, മരണഭയത്തിൽനിന്നു മുക്തനായെന്നപോലെ, ആക്രാന്തത്തോടെ അയാൾ അതു തിന്നുകയും ചെയ്തു. രണ്ടു നിമിഷം കഴിഞ്ഞപ്പോൾ പെട്ടെന്നയാൾക്കു ജീവൻ വീണതുപോലെ തോന്നി; സമീപത്തു നില്ക്കുന്ന ചങ്ങാതിയെ മനസ്സിലാകുകയും ചെയ്തു. എന്നാൽ ആഗതനാകട്ടെ, തന്റെ ചങ്ങാതിയുടെ കഷ്ടസ്ഥിതി ഇനിയും വിശദമാകാതെയാണിരിക്കുന്നതു്. കമ്പിട്ടു്, താഴെക്കിടക്കുന്ന ചങ്ങാതിയെ നല്ലവണ്ണം പരിശോധിച്ചു നോക്കി. അയാളുടെ പ്രാണസഞ്ചാരം നിലച്ചുവെങ്കിലും, അപ്പോഴും സംസാരിക്കാനുള്ള ശക്തി വന്നിട്ടുണ്ടായിരുന്നില്ല. ആഗതൻ, തന്റെ കയ്യിലുണ്ടായിരുന്ന വൈദ്യുതദീപമെടുത്തു ചങ്ങാതിയുടെ മുഖത്തേക്കു തെളിച്ചുപിടിച്ചു. അനങ്ങാതെ കിടക്കുന്ന അയാളുടെ മുഖം കണ്ടു ആഗതൻ സ്തംഭിച്ചുനിന്നു. സ്നേഹിതന്റെ മുഖപരിശോധന വീണ്ടും തുടർന്നു. മരണഗോഷ്ഠിയുടെ ലക്ഷണങ്ങളിൽനിന്നു അയാൾ രക്ഷപ്പെട്ടതുപോലെ, ആ ചങ്ങാതി പെട്ടെന്നു കണ്ണു് മിഴിച്ചു. ക്രമേണ അയാളുടെ ചുണ്ടുകളും അല്പമൊന്നിളകി, പുഞ്ചിരിക്കൊള്ളുവാൻ ശ്രമിക്കുന്നതുപോലെ തോന്നി. എന്നുതന്നെയല്ല, ഒന്നു ചിരിച്ചു എന്നു തന്നെ പറയാം. ആഗതൻ സന്തോഷത്തോടുകൂടി അയാളുടെ അരികത്തിരുന്നു്, “ചങ്ങാതി, എന്തുപററി” എന്നു ചോദിച്ചു.

വീണു കിടക്കുന്നയാൾ—എടോ, ഇതെന്റെ രണ്ടാം ജന്മമാണു്. ആ സ്ത്രീ എനിക്കു പാനീയത്തിൽ വിഷം കലർത്തിതന്നു. അതിന്നു മറുമരുന്നായ ഈ ഇല തിന്നതുകൊണ്ടു് ഞാൻ രക്ഷപ്പെട്ടു. നമുക്കുടനെ ഇവിടെനിന്നു പോകണം. ഇതിന്നു പകരംചെയ്യല്ലാതെ, ഇനി ഞാൻ സ്വസ്ഥനാകുന്നതല്ല. എന്റെ ദേഹം പൂർവ്വസ്ഥിതിയിലാവാൻ കുറെ താമസം ഉണ്ടാവുമെന്നു തോന്നുന്നു. ഇതാ എന്റെ കൈ പിടിക്കൂ. ആഗതൻ അയാളെ താങ്ങിപ്പിടിച്ചു കാറിലേക്കു കൊണ്ടുപോയി.

(തുടരും)

---

(8-ാം പേജിൽനിന്നു തുടർച്ച)

ഘട്ടത്തിൽ, റഷ്യയുടെ സാമ്പത്തിക നിലയെ യുദ്ധത്തിനു മുൻപുണ്ടായിരുന്നതുപോലെ ഉദ്ധരിച്ചുകൊണ്ടു വന്നതിന്നുശേഷം, രാജ്യത്തെ 1925ൽ റഷ്യൻ ഗവൺമേൻറു്, വ്യവസായീകരിക്കാൻ തുടങ്ങി. എന്തിനു്, കൃഷിപ്രധാനമായിരുന്ന റഷ്യയെ ചുരുങ്ങിയ കാലത്തിനിടക്കു് ധനപരവും സാങ്കേതികവുമായി സ്വാശ്രയശക്തിയുള്ള ഒന്നാക്കിത്തീർത്തുവെന്നു പറയാം. വ്യാവസായികമായ ഈ പുതിയ പദ്ധതിയും ലെനിനിന്റെയും, സ്റ്റാലിന്റെയും നിർദ്ദേശങ്ങളനുസരിച്ചാണു്. അനവധി പ്രധാന റെയിൽവേകളും വൈദ്യുത നിലയങ്ങളും അന്നു പണിചെയ്തിട്ടുണ്ടു്. വിദ്യുത്കേന്ദ്ര നിർമ്മാണത്തിന്നായി. ഡ്നീപ്പർ നദിയുടെ ഗതിതന്നെ തിരിച്ചുവിട്ടു. ലോഹശാലകൾ (Metallurgical plants), വ്യവസായശാലകൾ തുടങ്ങിയവയും അനവധിയുണ്ടാക്കിയിരിക്കുന്നു. കൂടാതെ നിരവധി സ്കൂളുകളും, ക്ലബ്ബുകളും, പ്രദർശനശാലകളും, സിനിമാ ഹാളുകളും, ആസ്പത്രികളും, ഗൃഹങ്ങളും പണികഴിച്ചു. ഇവയെല്ലാം സ്റ്റാലിൻ നാമമുദ്രാങ്കിതമായ പഞ്ചവത്സര പദ്ധതിപ്രകാരം ഉണ്ടാക്കപ്പെട്ടവയാണു്.

മരുപ്രദേശങ്ങളും പുൽത്തകിടികളുമായി ഉപയോഗശൂന്യമായി കിടന്നിരുന്ന സ്ഥലങ്ങളിൽ വലിയ വലിയ വ്യവസായശാലകൾ ഉയർന്നുവന്നു. യു. എസ്. എസ്. ആർ. ഭൂമുഖമാകമാനം തന്നെ മാറി. 1929ലെ വ്യവസായസ്ഥിതിയുടെ നാലിരട്ടിയും 1913ലേതിന്റെ എട്ടിരട്ടിയുമായിരുന്നു 1937ലേതു്. യു. എസ്സ്. എസ്സ്. ആർ-ലെ വ്യവസായീകരണം നടത്തിയതു രാജ്യത്തുള്ള സാധനങ്ങളെക്കൊണ്ടും സമ്പത്തുകൊണ്ടും മാത്രമാണു്. ഇങ്ങിനെ വിപുലമായ വ്യവസായീകരണത്തോടുകൂടി ജനങ്ങളുടെ ജീവിതരീതിയും ഒന്നുയർന്നു. ആകപ്പാടെ അവിടുത്തെ ജനതയിൽ ബുദ്ധിവികാസവും ഭേദപ്പെട്ടു കണ്ടുതുടങ്ങി. രാജ്യത്തേക്കുള്ള സകല യന്ത്രങ്ങളും യു. എസ്സ്. എസ്സ്. ആർ. തന്നെ നിർമ്മിച്ചുവന്നു. അതിന്റെ ഫലമായി, സ്വരാജ്യരക്ഷക്കുവേണ്ട സകല ആയുധങ്ങളും അവിടെത്തന്നെയുണ്ടാക്കുകയും റഷ്യ തനിക്കുതാൻപോന്ന ഒരു രാജ്യമായിത്തീരുകയും ചെയ്തു.

(തുടരും)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.